# Holy Voice

## Parish Bullettin

## ഹോളിക്രോസ് തീർത്ഥാടന ദൈവാലയം, മാപ്രാണം

പി.ഒ.മാടായിക്കോണം 680 712, തൃശ്ശൂർ ജില്ല

ഫോൺ :0480 2822740

രക്ഷാധികാരി
**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

മാനേജിംഗ് എഡിറ്റർ
**റവ.ഫാ.ജോസ് മാളിയേക്കൽ**
ഫോൺ : 0480 2826192, 9446628250

പുസ്തകം 10 | ഏപ്രിൽ 2014

**എഡിററർ**
ജോർജ് എറാട്ടുകാരൻ 9605666658

**സെക്രട്ടറി**
ജോസഫ് കാച്ചപ്പിള്ളി 9400878280

**സബ്ബ് എഡിറ്റർ**
ജെസ്റ്റിൻ മംഗലത്ത് 9747552251

**അഡ്വെർടൈസ്മെന്റ് മാനേജർ:**
ജെയിംസ് നെല്ലിശ്ശേരി 9447466548

**ട്രഷറർ**
അനൂപ് ബേബി അറയ്ക്കൽ 9947272633


**എഡിറ്റോറിയൽ ബോർഡ്**
റവ.സി.ഡെൽസാ മരിയ FCC 2822935
ജോഷി മഞ്ഞളി 9895467530
ആന്റണി കള്ളാപറമ്പിൽ 9447240089
അനന്ത് അറയ്ക്കൽ 9846567891
ബീന തോമസ് ചേറേങ്ങാടൻ 9048244810
ക്രിസ്റ്റി പോളി ആഴ്ച്ചങ്ങാടൻ 9747941924

**ട്രസ്റ്റിമാർ**
ജോസ് ചെങ്ങാലൂക്കാരൻ 9747725558
ജോസഫ് കാച്ചപ്പിള്ളി 9400878280
സൈമൺ ചാക്കോര്യ 8547424191

**പേജുകളിലൂടെ...**

| | |
|---|---|
| ഇടവക ഡയറി | 2 |
| എഡിറ്റോറിയൽ | 3 |
| ഇടയശബ്ദം | 5 |
| പെസഹവ്യാഴം ആരാധന | 8 |
| നുറുങ്ങുവിചാരം | 9 |
| മനുഷ്യരെ നേടുന്ന മുക്കുവന്മാർ | 13 |
| എന്തുനല്ലമ്മ...എന്നുടെ അമ്മ | 16 |
| വിശുദ്ധരുടെ ജീവിതത്തിലൂടെ | 19 |
| സഭാവാർത്തകൾ | 26 |
| ആരോഗ്യ ചിന്തകൾ | 29 |
| നിങ്ങൾക്കറിയാമോ? | 30 |
| ബാലപംക്തി | 31 |
| ക്വിസ് മത്സരം | 32 |
| കളറിംഗ് മത്സരം | 33 |
| മതബോധനം | 35 |
| കുഞ്ഞുങ്ങളിൽ ആത്മവിശ്വാസം വളർത്താൻ | 37 |
| ഒരു നല്ലപാഠം | 39 |
| പിന്നിട്ടലോകം | 41 |
| ജാലകത്തിലൂടെ | 43 |
| ബൈബിൾ കലണ്ടർ | 44 |




ഹോളി വോയ്സ്
ഹോളിക്രോസ് തീർത്ഥാടന ദൈവാലയം, മാപ്രാണം
പാരിഷ് ബുള്ളറ്റിൻ
ഏപ്രിൽ 2014

| തിയ്യതി | ഇടവക ഡയറി - ഏപ്രിൽ 2014 | സമയം |
|---|---|---|
| 02 | കനകമല തീർത്ഥാടനം | 3.00 p.m. |
| 04 | മാസാദ്യവെള്ളിയാഴ്ച ആചരണം | |
| 05 | രോഗി ദിന ശുശ്രൂഷ | 9.30 a.m. |
| 06 | നോമ്പ് - 6-ാം ഞായർ<br>പ്രതിനിധിയോഗം | 8.15 a.m. |
| 7,8,9 | ഗ്രേയ്സ്ഫെസ്റ്റ് | |
| 10 | മലയാറ്റൂർ തീർത്ഥാടനം | 3.00 p.m. |
| 11 | വെള്ളിയാഴ്ച ആചരണം | |
| 12 | മാതൃസംഘം മീററിങ്ങ് | 3.00 p.m. |
| 13 | ഓശാന ഞായർ - തിരുകർമ്മങ്ങൾ | 6.45 a.m. |
| 17 | പെസഹാ വ്യാഴം - തിരുകർമ്മങ്ങൾ | 6.45 a.m. |
| 18 | ദുഃഖവെള്ളി - തിരുകർമ്മങ്ങൾ<br>പരിഹാരപ്രദക്ഷിണം | 6.45 a.m.<br>4.00 p.m. |
| 19 | ദുഃഖശനി - തിരുകർമ്മങ്ങൾ | 6.45 a.m. |
| 20 | ഉയിർപ്പുതിരുനാൾ - തിരുകർമ്മങ്ങൾ<br>വി. കുർബ്ബാന | 2.45 a.m.<br>6.45 a.m. |
| 24 | വി. ഗീവർഗീസ് തിരുനാൾ | |
| 25 | വെള്ളിയാഴ്ച ആചരണം | |
| 27 | പുതുഞായർ<br>ഫ്രാൻസിസ്കൻ അത്മായ സമൂഹം മീറ്റിങ്ങ് | 8.00 a.m. |

ഫാ. ജോസ് മാളിയേക്കൽ, വികാരി & റെക്ടർ

## വെള്ളിയാഴ്ച ആചരണം തിരുക്കർമ്മങ്ങൾ ഏറ്റെടുത്തവർ

| | |
|---|---|
| 04-04-2014 | ഡാലി ജിന്റോ ഞെർളേലി, വെള്ളാഞ്ചിറ |
| 11-04-2014 | ചാക്കോര്യ ജോസ് ആന്റണി |
| 25-04-2014 | തെക്കിനിയത്ത് ആന്റണി ഭാര്യ പുഷ്പറാണി |

സഹനത്തിന്റെ, വേദനകളുടെ കുരിശുമരണം പിന്നിട്ട്
മഹത്വത്തിന്റെ പ്രഭയിലേക്ക് നമുക്കും ഉണരാം.
ഉത്ഥിതൻ തൻ സമാധാനം സ്വന്തമാക്കാം.
എല്ലാ ഇടവകാംഗങ്ങൾക്കും

**ഉത്ഥാന തിരുനാൾ ആശംസകൾ!**

ഹോളിവോയ്സ് കമ്മിറ്റി

# എഡിറ്റോറിയൽ



"അവൻ മരിച്ചവരുടെ ഇടയിൽ നിന്നും മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റു". നമ്മൾ ഏറ്റുപറയുന്ന വിശ്വാസപ്രമാണത്തിലെ വരികളാണിവ. ഒരുപക്ഷേ ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനശിലയും ഇതുതന്നെയാണ്. യേശുക്രിസ്തു തന്റെ കർത്താവാണെന്ന ബോധ്യത്തോടൊപ്പം അവൻ ഉയിർത്തെഴുന്നേറ്റു എന്ന് ഹൃദയത്തിൽ വിശ്വസിക്കുന്നവനാണ് ക്രൈസ്തവൻ. പൗലോസ്ശ്ലീഹാ പറയുന്നതുപോലെ മരിച്ചവരിൽനിന്നും അവൻ ഉയിർത്തെഴുന്നേറ്റില്ലെങ്കിൽ ഈ ലോക ചരിത്രം തന്നെ മറ്റൊന്നാകുമായിരുന്നു. അതിനാൽ രക്ഷകന്റെ ഉത്ഥാനം ആഘോഷിക്കുന്ന ഈസ്റ്ററിന് നമ്മുടെ ജീവിതത്തിൽ വളരെയധികം പ്രാധാന്യമുണ്ടെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ!

വലിയ ആഴ്ച ആചരണം നമ്മെ ഓരോരുത്തരേയും കൂട്ടികൊണ്ടു പോകുന്നത് എത്ര വ്യത്യസ്തമായ അനുഭവങ്ങളിലൂടെയും നിർവൃതികളിലൂടെയുമാണ്! സൈത്തിൻ കൊമ്പുകൾ വീശിയും മേലങ്കികൾ വിരിച്ചും രാജാധിരാജനായി സ്വീകരിച്ച ക്രിസ്തുരാജനെയല്ലേ നാളുകൾക്കപ്പുറം ചമ്മട്ടികൾക്കും ചാട്ടവാറുകൾക്കും നാം ഏൽപിച്ചു കൊടുത്തത്. നമ്മുടെ രക്ഷയ്ക്കുവേണ്ടി സ്വർഗത്തിൽ നിന്നും ഭൂമിയിലേയ്ക്കെത്തിയ ദൈവപുത്രന് ഭൂമിയ്ക്കും ആകാശത്തിനും ഇടയിൽ കുരിശുമരണമല്ലേ വിധിച്ചത്. എത്ര കഠിന ഹൃദയരാണു നമ്മൾ? ഗാഗുൽത്തായിൽ ഉയർന്ന ആ ഹൃദയവിലാപങ്ങൾക്കുനേരെ ബധിരത അഭിനയിക്കാനാണ് നാം ഇനിയും ഒരുങ്ങുന്നതെങ്കിൽ നമ്മുടെ മനസ്താപങ്ങളിലെ ആർജവമെവിടെ? കുരിശുമരണത്താൽ നേടിത്തന്ന പാപമോചനത്തിന്റെ സൗഭാഗ്യങ്ങളെ സ്വന്തമാക്കുന്നതിനുള്ള അവസരം നഷ്ടപ്പെടുത്തുന്നവരായി നാം മാറുകയല്ലേ ചെയ്യൂ? മനുഷ്യകുലത്തോടുള്ള അതിരുകളില്ലാത്ത സ്നേഹത്തിന്റെ പ്രകാശനമായിരുന്നു യേശുദേവൻ. അതിനാൽ, ആ സ്നേഹനാഥന്റെ അനുയായികളായ നമ്മൾ ഈ വിശ്വസ്നേഹത്തിന്റെയും സാമൂഹിക നീതിയുടെയും വക്താക്കളായി മാറേണ്ടതുണ്ട്. നമ്മുടെ പ്രവർത്തനമണ്ഡലങ്ങൾ അതിനായി ഒരുക്കപ്പെടേണ്ടതുണ്ട്. ദൈവസ്നേഹം പകർന്നു തരുന്ന അചഞ്ചല ശക്തിയ്ക്കേ അതിനാവുകയുള്ളു. ഈ ഈസ്റ്റർ കാലഘട്ടം, നോമ്പാചരണത്തിലൂടെയും, അനുതാപത്തിന്റെയും ആത്മശുദ്ധീകരണത്തിന്റെയും നാളുകളിലൂടെ കടന്നുപോയ ഓരോരുത്തരേയും, കൂടുതൽ കൂടുതൽ തമ്പുരാനോടടുപ്പിക്കാനുള്ള അവസരമാകട്ടെയെന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**ജോർജ്ജ് എറാട്ടുകാരൻ** (എഡിറ്റർ)



ജൂബിലി ആഘോഷ ചടങ്ങിൽ (23-03-2014) ആദരിക്കപ്പെട്ട ബഹു.മുൻവികാരിമാരും
മുൻ കൈക്കാരന്മാരും അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിനോടൊപ്പം.



ജൂബിലി ആഘോഷ ചടങ്ങിൽ (23-03-2014) ആദരിക്കപ്പെട്ട, നവനിർമ്മിത ദൈവാലയ നിർമ്മാണ
കമ്മിറ്റി അംഗങ്ങൾ അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിനോടും ബഹു.വൈദികരോടുമൊപ്പം




യേശുവിൽ ഏറ്റവും പ്രിയപ്പെട്ടവരെ,

എല്ലാവർക്കും ഉത്ഥിതനായ മിശിഹായുടെ സമാധാനവും സന്തോഷവും ആശംസിക്കുന്നു.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പീഡാനുഭവത്തിന്റേയും കുരിശുമരണത്തിന്റേയും ദിവ്യമായ ഓർമ്മകൾ അനുസ്മരിച്ച് അനുഗ്രഹീതമായ അമ്പതുദിവസങ്ങൾ നീണ്ട നോമ്പിന്റേയും പ്രാർത്ഥനയുടേയും ദിനങ്ങൾ പിന്നിട്ട് സമാധാനത്തിന്റേയും സന്തോഷത്തിന്റേയും പ്രതീക്ഷയുടേയും നിത്യജീവന്റേയും ചൈതന്യം സ്വീകരിക്കുന്ന ഉത്ഥാനതിരുനാളിന് നമ്മൾ ഒരുങ്ങുകയാണല്ലോ. കത്തോലിക്കാസഭയുടെ ഏറ്റവും വലിയ തിരുനാളും ആഘോഷവുമാണ് നമ്മുടെ കർത്താവിന്റെ ഉയിർപ്പുതിരുനാൾ. ക്രൈസ്തവ ജീവിതത്തിന്റെ അടിസ്ഥാനവും ബലവുമാണ് യേശുവിന്റെ ഉത്ഥാനം.

ലോകചരിത്രത്തിൽ മറ്റാർക്കും അവകാശപ്പെടുവാൻ സാധിക്കാത്ത ഒന്നാണ് ഈശോയുടെ ഉത്ഥാനം. യേശു ഒരു സാധാരണ മനുഷ്യൻ മാത്രമല്ല , അവിടുന്ന് നിത്യം ജീവിക്കുന്ന കർത്താവും ദൈവവുമാണെന്ന് തെളിയിക്കപ്പെട്ട അവർണ്ണനീയനിമിഷമാണ് മരിച്ച് അടക്കപ്പെട്ട ക്രിസ്തുവിന്റെ ഉയിർപ്പ്. അതുകൊണ്ടാണ് വിശുദ്ധ പൗലോസ് അപ്പസ്തോലൻ നമ്മെ പഠിപ്പിക്കുന്നത്. "ക്രിസ്തു ഉയിർത്തിട്ടില്ലായെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥവും നിങ്ങളുടെ വിശ്വാസം നിരർത്ഥകവുമാണ്". മനുഷ്യാവതാരം ചെയ്ത ദൈവത്തിന്റെ സ്നേഹത്തിന്റെ പൂർണ്ണത ക്രിസ്തുനാഥന്റെ ക്രൂശിത മരണത്തിൽ നമ്മൾക്ക് ദർശിക്കുവാൻ കഴിഞ്ഞു. ലോകത്തിലെ ഏറ്റവും വലിയ മഹാത്യാഗത്തിന്റെ അനുഭവം. എന്നാൽ അവിടുന്ന് മരിച്ച് മണ്ണോട് ചേർന്ന് പോകേണ്ടവനല്ല; ലോകാവസാനത്തോളം അവിടുന്ന് നമ്മോടൊപ്പം എന്നും ആയി

രിക്കേണ്ടവനാണ്. അതുകൊണ്ടാണ് അവിടുന്ന് ഉത്ഥിതനായി നമ്മോടൊപ്പം ജീവിക്കുന്നതും. നമ്മൾ ക്രിസ്തുവിൽ ജീവിക്കുമ്പോഴാണ് നമ്മുടെ ജീവിതവും ധന്യമാകുന്നത്.

തിരുവുത്ഥാനം നമ്മെ പഠിപ്പിക്കുന്ന മഹത്തായ സത്യമിതാണ്. ഈ ലോക ജീവിതത്തിനപ്പുറം നമുക്കും മഹത്വരമായ ഒരു ജീവിതമുണ്ട്. "ഞാനാണ് പുനരുത്ഥാനവും ജീവനും" എന്ന് പഠിപ്പിച്ച യേശു തന്റെ ഉത്ഥാനത്തിലൂടെ, പുനരുത്ഥാനത്തിന്റെ മഹത്വം നമുക്ക് വെളിപ്പെടുത്തി തരികയും ചെയ്തുവെങ്കിൽ നമുക്കു തീർച്ചയായും പുനരുത്ഥാനത്തിന്റെ മക്കളെപ്പോലെ ജീവിക്കുവാൻ തയ്യാറാകാം. പാപത്തിന്റെ ബന്ധനത്തിൽ നിന്ന് നമുക്ക് വിമുക്തരാവാം. ആധുനിക കാലഘട്ടത്തിന്റെ മരണ സംസ്കാരത്തിന്റെ പിടിയിൽ നിന്നു നമ്മൾ മോചിതരാകേണ്ട കാലം അതിക്രമിച്ചു. ജീവന്റെ സംസ്കാരത്തിലേയ്ക്ക് നമുക്കു പ്രവേശിക്കാം. "വഴിയും സത്യവും ജീവനും ഞാനാണ്" എന്ന് പഠിപ്പിച്ച യേശുവിന്റെ അതേ ജീവിതശൈലിയാകണം നമ്മുടെയും ജീവിതശൈലി. മറ്റുള്ളവർക്ക് നന്മയുടെ വഴികാട്ടികളാകുന്ന മക്കളാകണം നമ്മൾ. സുവിശേഷത്തിന്റെ ചൈതന്യം ജീവിക്കുവാനും സുവിശേഷത്തിന്റെ സന്തോഷം അനുഭവിക്കുവാനും നമുക്കു കഴിയണം. ജീവിതത്തിന്റെ വിഷമതയേറിയ സാഹചര്യങ്ങളിലും പ്രതീക്ഷയുടെ പൊൻവെളിച്ചം നമ്മുടെ ഹൃദയത്തിൽ തെളിഞ്ഞു നിൽക്കണം. ഒരു ജീവ സംസ്കാരത്തിന്റെ മുന്നണി പോരാളികളാകണം നമ്മൾ. ഒപ്പം സമാധാനത്തിന്റെ സാക്ഷികളും. ഉത്ഥാനതിരുനാൾ അതിന് നമ്മെ പ്രാപ്തരാക്കട്ടെ!

ഭാരതം വീണ്ടുമൊരു പൊതുതെരഞ്ഞെടുപ്പിന് ഒരുങ്ങുകയാണ്. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമെന്ന് അഭിമാനിക്കുന്ന ഭാരതത്തിന്റെ സംരക്ഷണം, മതേതര ഭാരതമെന്ന് മഹനീയ സാക്ഷാത്കാരത്തിന് അനുയോജ്യമാംവിധം മാതൃകായോഗ്യരും, ഉത്തമരും, വിവേകമതികളുമായ നല്ലവരാൽ സമ്പന്നമാക്കപ്പെടുവാൻ ഇടയാകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. അതിനായി നമ്മുടെ സമ്മതിദാനാവകാശം വിനിയോഗിക്കാം.

ഏവർക്കും ഈസ്റ്റർ മംഗളങ്ങൾ നേരുന്നു.

വിശുദ്ധ കുരിശിന്റെ സംരക്ഷണയിൽ,
യേശുവിൽ സ്നേഹപൂർവ്വം,
**ഫാ. ജോസ് മാളിയേക്കൽ,** വികാരി & റെക്ടർ

## പെസഹാവ്യാഴം ആരാധന - നേതൃത്വം നൽകേണ്ടവർ.

9.00 a.m. - 10.00 a.m. - സെന്റ് ആന്റണീസ്, ഇൻഫന്റ് ജീസസ്
10.00 a.m.- 11.00 a.m. - സെന്റ് ജോസഫ്, ഹോളിക്രോസ്
11.00 a.m. - 12.00 noon - സെന്റ് സെബാസ്റ്റ്യൻ, സെന്റ് ഗീവർഗീസ്
12.00 p.m.- 1.00 p.m. - സെന്റ് ജോർജ്, വാ. മദർതെരേസ
1.00 p.m. - 2.00 p.m. - സെന്റ് ജോൺ I, സെന്റ് ജോൺ II
2.00 p.m. - 3.00 p.m. - സെന്റ് സേവിയേഴ്സ്, മാതൃസംഘം
3.00 p.m. - 4.00 p.m. - സെന്റ് മേരീസ് I, ഫ്രാൻസിസ്കൻ സഭ
4.00 p.m. - 5.00 p.m. - സെന്റ് മേരീസ് II, സെന്റ് വിൻസെന്റ് ഡി പോൾ
5.00 p.m. - 6.00 p.m. - സെന്റ് അൽഫോൻസ, ജീസസ് യൂത്ത്, ഗായകസംഘം
6.00 p.m. - 7.00 p.m. - സെന്റ് റോസ്, സി.എൽ.സി., അൾത്താരസംഘം
7.00 p.m. - 8.00 p.m. - പൊതു ആരാധന

## ഏപ്രിൽ മാസത്തിലെ കുടുംബസമ്മേളനങ്ങൾ

| യൂണിറ്റ് | കുടുംബനാഥന്റെ/ നാഥയുടെ പേര് | തിയ്യതി | സമയം |
|---|---|---|---|
| സെന്റ് ആന്റണീസ് | പ്ലാക്കൽ കുറ്റിക്കാടൻ വർഗീസ് അബ്രഹം | 06-04-14 | 2.30 p.m. |
| ഇൻഫന്റ് ജീസസ് | മുക്കോൺ ബ്ലാഗം സിറിൽ ജോൺസൻ | 06-04-14 | 3.15 p.m. |
| സെന്റ് ജോസഫ് | കാഞ്ഞാണിക്കാരൻ കുഞ്ഞിപാവു വിൻസന്റ് | 06-04-14 | 4.00 p.m. |
| ഹോളിക്രോസ് | ചക്കാലയ്ക്കൽ റപ്പായി പൗലോസ് | 06-04-14 | 4.45 p.m. |
| സെന്റ് സെബാസ്റ്റ്യൻ | മാടവന ദേവസി പൗലോസ് | 06-04-14 | 5.30 p.m. |
| സെന്റ് ഗീവർഗ്ഗീസ് | മാന്ത്ര പൗലോസ് അന്തോണി | 13-04-14 | 2.30 p.m. |
| സെന്റ് ജോർജ്ജ് | ചിറ്റിലപ്പിള്ളി തൊമ്മാന വാറുണ്ണി റിച്ചി | 13-04-14 | 3.15 p.m. |
| സെന്റ് ജോൺ I | മച്ചിങ്ങൽ ഔസേപ്പ് തോമസ് | 13-04-14 | 4.00 p.m. |
| സെന്റ് ജോൺ II | കളപറമ്പത്ത് ആന്റണി ജോയ് | 13-04-14 | 4.45 p.m. |
| വാ. മദർതെരേസ | ചാതേലി അന്തോണി ഫ്രാൻസിസ് | 13-04-14 | 5.30 p.m. |
| സെന്റ് മേരീസ് I | മാളിയേക്കൽ പൗലോസ് ജോൺ | 27-04-14 | 2.30 p.m. |
| സെന്റ് മേരീസ് II | മീൻപറമ്പിൽ ജോസ് ഭാര്യ മേരി | 27-04-14 | 3.15 p.m. |
| സെന്റ് അൽഫോൻസ | ആഴ്ചങ്ങാടൻ ജോസ് ജോഷി | 27-04-14 | 4.00 p.m. |
| സെന്റ് സേവിയേഴ്സ് | തെക്കൂടൻ റപ്പായി ജോസ് | 27-04-14 | 4.45 p.m. |
| സെന്റ് റോസ് | കാഞ്ഞിരക്കാടൻ തോമൻ ജോർജ്ജ് | 30-04-14 | 6.00 p.m. |

**വായിക്കേണ്ട വചനഭാഗം. വി. യോഹന്നാൻ 20:19–29**

## കഴിഞ്ഞ ലക്കം ക്വിസ്

### മത്സരവിജയി

**ജിസ്ന എം. ജെ.**

മാളിയേക്കൽ വീട്, മാപ്രാണം
സെന്റ് മേരീസ് യൂണിറ്റ് I



അഭിനന്ദനങ്ങൾ

നുറുങ്ങുവിചാരം



# ചിപ്പിയുടെ വേദന

പ്രിയ കൂട്ടുകാരെ,

എല്ലാവരും പരീക്ഷയുടെ തിരക്കിലായിരിക്കുമല്ലോ. മാപ്രാണം ഇടവകയിൽ വന്ന കുറച്ചു ദിനങ്ങൾകൊണ്ടു ഒരു കാര്യം മനസ്സിലായി. ഇവിടുത്തെ കുട്ടികളെല്ലാം മിടുക്കരും ഭക്തിയുള്ളവരുമാണെന്ന്. പരീക്ഷയ്ക്ക് പഠിച്ചാൽ മാത്രംപോരാ എപ്പോഴും തമ്പുരാനോട് പ്രാർത്ഥിക്കുകയും വേണം. ബുദ്ധിമുട്ടുള്ള വിഷയം ഈശോയ്ക്ക് പ്രത്യേകം സമർപ്പിച്ചു പ്രാർത്ഥിക്കുക. പരീക്ഷ എല്ലാവർക്കും വേദനകളുള്ള ഒന്നാണ്. പക്ഷെ വേദനിക്കുന്നവനിലാണ് പവിഴമുത്തുകൾ രൂപപ്പെടുന്നത് എന്ന കാര്യം നമുക്ക് മറക്കാതിരിക്കാം.

ഒരിക്കൽ ഒരു ചിപ്പി മറ്റൊരു ചിപ്പിയോടു പറഞ്ഞു. "എന്റെ ഉള്ളിൽ ശക്തമായ വേദന അനുഭവപ്പെടുന്നു. എന്തോ കനം ഉള്ള ഒരു വസ്തു എന്നെ വേദനിപ്പിച്ചുകൊണ്ടിരിക്കുന്നു". അപ്പോൾ രണ്ടാമത്തെ ചിപ്പി അഹങ്കാരത്തോടെ പറഞ്ഞു. "ഞാൻ സുഖമായി പോകുന്നു. എനിക്കു വേദനകളില്ല, വേദനിക്കാൻ അനുവദിക്കുകയുമില്ല". ഇതുകേട്ട് ഞണ്ട് പറഞ്ഞു "വേദനിക്കുന്ന ചിപ്പിക്കുള്ളിൽ പവിഴമുത്ത് ജന്മമെടുക്കും. അല്ലാത്തവ വെറും ചിപ്പിയായി തുടരും". പ്രിയപ്പെട്ട കൂട്ടുകാരെ, വെക്കേഷൻ സമയം ടെലിവിഷന്റെ മുമ്പിലും കളിസ്ഥലങ്ങളിലും മാത്രമായി ഒതുക്കാതെ വായനയ്ക്കും പ്രാർത്ഥനയ്ക്കും സമയം കണ്ടെത്തണം. എല്ലാദിവസവും വി.കുർബ്ബാനയിൽ പങ്കെടുക്കണം. ഫലപ്രദമായ വെക്കേഷൻ കാലം എല്ലാവർക്കും ആശംസിക്കുന്നു. ഉത്ഥിതനായ യേശു എല്ലാവരേയും അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം, ഫാ. ജിന്റോ ചിറയത്ത് CMI, കൊച്ചച്ചൻ

## CLC യുടെ നേതൃത്വത്തിൽ മലയാറ്റൂർ തീർത്ഥാടനം

നോമ്പുകാലത്തിന്റെ തീഷ്ണതയിൽ ഏപ്രിൽ 10-ാം തിയ്യതി വ്യാഴാഴ്ച ഉച്ചയ്ക്ക് 3.00 ന് പള്ളിയിൽ നിന്നും മലയാറ്റൂരിലേക്ക് തീർത്ഥയാത്ര പോകുന്ന വിവരം സന്തോഷത്തോടെ അറിയിക്കുന്നു. താൽപര്യമുള്ളവർ പേരും, സീറ്റ് ഒന്നിന് 150 രൂപയും പള്ളി ഓഫീസിൽ കൊടുത്ത് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## മാതൃസംഘത്തിന്റെ നേതൃത്വത്തിൽ രോഗീദിനം

ഏപ്രിൽ 5-ാം തിയ്യതി ശനിയാഴ്ച രാവിലെ 9.30ന് ദിവ്യബലിയോടുകൂടി രോഗി ദിനം ആചരിക്കുന്നു. രോഗികളായി കഴിയുന്ന എല്ലാവരും വി.കർബ്ബാനയിലും മറ്റ് ചടങ്ങുകളിലും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. പങ്കെടുക്കുന്നവർ മുൻകൂട്ടി തങ്ങളുടെ പേരുകൾ പള്ളി ഓഫീസിലോ മാതൃസംഘം പ്രസിഡണ്ട് ജിൻസി വർഗീസ് പള്ളിത്തറയുടെ പക്കലോ കൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.



# മനുഷ്യരെ നേടുന്ന മുക്കുവന്മാർ



**യേശു അവരോടു പറഞ്ഞു. ''എന്നെ അനുഗമിക്കുവിൻ. ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം''.**

**(മത്താ. 4:19)**

**ഫാ. ജോൺസൺ തളിയത്ത് സി. എം. ഐ.**
**മഡഗാസ്കർ**

**സി. എം. ഐ. സഭാ വൈദികനായ ഫാ. ജോൺസൺ തളിയത്ത് അറിഞ്ഞും അനുഭവിച്ചും ഈശോയെ കണ്ടെത്തിയ മഡഗാസ്കറിലെ മിഷ്യൻ പ്രവർത്തനാനുഭവങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കുകയാണിവിടെ. ഈ പംക്തി നിങ്ങൾക്ക് പുതിയൊരു അനുഭവമായി മാറട്ടെ**

**ഫാ. ജോസ്മാളിയേക്കൽ**
**വികാരി**

ആഫ്രിക്കൻ വൻകരയുടെ തെക്കുഭാഗത്ത് ഇന്ത്യൻ മഹാസമുദ്രത്തിൽ മൗറീഷ്യസ് ദ്വീപിനും മൊസാമ്പിക്കിനും ഇടയിൽ നീണ്ടുകിടക്കുന്ന, ലോകത്തെ നാലാമത്തെ വലിയ ദ്വീപാണ് മഡഗാസ്ക്കർ. 2.2കോടി ജനങ്ങളുള്ള ഈ ദ്വീപിന് കേരളത്തിന്റെ 5 ഇരട്ടിയോളം വലുപ്പം വരും. 18 ഗോത്രവർഗ്ഗങ്ങളുള്ള ഈ ദ്വീപ് 22 രൂപതകളുള്ള ഒരു ക്രിസ്ത്യൻ രാജ്യമാണ്. ജനങ്ങളിൽ ഭൂരിപക്ഷം പേരും ഗ്രാമങ്ങളിലാണ് വസിക്കുന്നത്. അവരിൽ ഭൂരിപക്ഷം പേരും യേശുവിനെ അറിയാത്തവരാണ്. "വിളവധികം വേലക്കാരോ ചുരുക്കം"

ഒരു മിഷനറിയാകാൻ താൽപര്യമില്ലാതിരുന്ന ഞാൻ മഡഗാസ്കറിൽ മിഷനറിയായെത്തിയത് 1997ൽ ആണ്. അതിനെനിക്കു പ്രചോദനം നൽകിയത് സെമിനാരി പഠനകാലത്ത് 1991-93 കാലഘട്ടത്തിൽ കെനിയയിൽ "റീജൻസി" നടത്താൻ ലഭിച്ച ദൈവാനുഗ്രഹമാണ്.

23-ാം വയസ്സിൽ അച്ചനാകാൻ വന്ന എനിക്ക് ഇടിവെട്ടുപോലെ കിട്ടിയ ഒന്നായിരുന്നില്ല എന്റെ ദൈവവിളി. കുഞ്ഞുനാളിൽ വായനാശീലം സ്വായത്തമാക്കിയപ്പോൾ പ്രധാനമായും എന്നെ ആകർഷിച്ചത് "പുതിയ നിയമം" തന്നെയായിരുന്നു. അന്ന്" പഴയനിയമം" വീട്ടിൽ ഉണ്ടായിരുന്നില്ല. യോഹന്നാന്റെ സുവിശേഷത്തിലെ 21-ാം അധ്യായം; ഈശോ പത്രോസിനോട് ചോദിക്കുന്നു." ഇവരെക്കാളധികം എന്നെ നീ സ്നേഹിക്കുന്നുവോ?" അത് എനിക്ക് നേരെയുള്ള ഒരു ചോദ്യമായിതന്നെ ഞാൻ എടുത്തു. അതിനുള്ള എന്റെ മറുപടിയാണ് എന്റെ ജീവിതം. നമുക്ക് മാത്രമല്ല, കർത്താവിനും നമ്മുടെ സ്നേഹം ലഭിക്കാൻ ആഗ്രഹമുണ്ട് എന്നറിയുമ്പോൾ എങ്ങിനെയാണ് സമ്മതം മൂളാതിരിക്കുവാൻ കഴിയുക. "കർത്താവെ നിന്നെ ഞാൻ സ്നേഹിക്കുന്നു, കർത്താവേ നീയതറിയുന്നുണ്ടല്ലോ" എന്ന് പത്രോസ്

പറഞ്ഞപ്പോഴൊക്കെ ഒരു ദൗത്യം കർത്താവ് പത്രോസിനെ ഏൽപിക്കുന്നുണ്ട്. പത്രോസിനോടൊപ്പം ഈശോയുടെ സ്നേഹാഭ്യർത്ഥനയ്ക്ക് ഉത്തരം നൽകുമ്പോൾ നമുക്കും ഒരു ദൗത്യം ഈശോ തരുന്നുണ്ട്. പലപ്പോഴും നാമത് കാണാറില്ല, കേൾക്കാറില്ല. കാരണം നമുക്ക് വ്യഗ്രതയാണ്, ജീവിക്കാനുള്ള വ്യഗ്രത. അതിനിടയിൽ നമുക്ക് പറയാനുള്ളത് പറഞ്ഞ്, കേൾക്കാനുള്ളത് കേൾക്കാൻ നിൽക്കാതെ വ്യഗ്രതയിൽ നാം മുഴുകുന്നു. നമ്മുടെ ഭൗതിക ജീവിതത്തിലും പരാജയങ്ങളുടെ ഒരു കാരണം ഇതുതന്നെയാണ്. മറ്റുള്ളവർക്ക്, മറ്റുള്ളവയ്ക്ക് പറയാനുള്ളത് കേൾക്കാനുള്ള നമ്മുടെ ക്ഷമയില്ലായ്മ,സമയമില്ലായ്മ

വൈകികിട്ടിയ ദൈവവിളിയാണ് എന്റേത് എന്ന് മറ്റുള്ളവർക്ക് തോന്നാമെങ്കിലും എന്റെ ഉള്ളിൽ ഉയർന്ന് കേട്ടിരുന്ന ഈശോയുടെ സ്നേഹാഭ്യർത്ഥനയും അതിനുള്ള എന്റെ പ്രത്യുത്തരവുമാണ് ഇത്രയും കാലം ഞാൻ ഹൃദയത്തിൽ കൊണ്ട് നടന്നത്. പക്ഷേ ഏതുതരത്തിലുള്ള ഒരു പ്രതിസമ്മാനമാണ് എനിക്ക് ലഭിച്ച ദൗത്യനിർവ്വഹണത്തിലൂടെ തമ്പുരാന് ഞാൻ നൽകുക? ഈ ചോദ്യം ഇന്നും എനിക്കൊരു വെല്ലുവിളിയാണ്. ഒരു മിഷനറിയായി എന്റെ ജീവിതം ഞാൻ കാഴ്ചവയ്ക്കുന്നുണ്ടെങ്കിലും ഇത് അവിടത്തേക്കിഷ്ടമുള്ള ഒരു സമ്മാനമാകുന്നുണ്ടോ?

മഡഗാസ്കറിലെ ജനങ്ങൾ പൊതുവേ ദരിദ്രരും വിദ്യാഭ്യാസം ലഭിക്കാത്തവരുമാണ്. നഗരങ്ങളിൽ ധനികരും അഭ്യസ്തവിദ്യരുമെല്ലാം ഉണ്ടെങ്കിലും ഗ്രാമങ്ങളിലേക്കു തിരിയുമ്പോൾ വേറൊരു ലോകമാണ് നാം കാണുക. പള്ളികളിൽ പാവപ്പെട്ട ജനങ്ങളിൽ നിന്നും ലഭിക്കുന്ന കാഴ്ചസമ്മാനങ്ങളിൽ പലതും അവരുടെ ഉപജീവനമാർഗ്ഗങ്ങളിൽപ്പെടുന്ന ഫലങ്ങളൊ, മൃഗങ്ങളോ ആയിരിക്കും. ചുരുക്കം സന്ദർഭങ്ങളിൽ ലഭിക്കുന്ന റെഡിമെയ്ഡ് പാന്റ്സും ഷർട്ടും അവരുടെ സ്നേഹം വിളിച്ചോതുന്ന സമ്മാനങ്ങളാണ്. എന്നാൽ ചിലപ്പോഴൊക്കെ ഇത്തരം പാന്റുകൾ ഒരു കുട്ടിക്കുമാത്രം പാകമാകാൻ തക്ക വിധത്തിലോ, ഷർട്ട് എന്നെപ്പോലുള്ള രണ്ടാൾക്ക് കയറാവുന്ന നിലയിലുള്ളതോ ആയിരിക്കും. നിഷ്കളങ്കരും അറിവില്ലാത്തവരുമായ പാവപ്പെട്ടവരേക്കാൾ ഒട്ടും മെച്ചമില്ലാത്തവരാകും പലപ്പോഴും അറിവുണ്ടെന്നു കരുതുന്ന നമ്മൾ. ആർക്കെങ്കിലും ഒരു സമ്മാനം കൊടുക്കേണ്ടതുള്ളപ്പോൾ നാം ചെയ്യുക നമുക്കിഷ്ടപ്പെട്ട ഒരു സമ്മാനം തെരഞ്ഞെടുക്കുകയാണല്ലോ. സമ്മാനം സ്വീകരിക്കുന്നയാൾക്ക് ഒരഭിപ്രായവും പറയാനാകില്ല; ഒരുപക്ഷേ ഇഷ്ടമില്ലാത്തതാണെങ്കിൽ പോലും.

ഇതുപോലെയാണ് നല്ലവനായ ദൈവത്തിന് നാമൊരു സമ്മാനം നൽകുമ്പോഴും. ദൈവത്തിനിഷ്ടപ്പെട്ടത് എന്നതിനേക്കാൾ "നമുക്കിഷ്ടപ്പെട്ടത്"നാം നൽകുന്നു. ഇതുകൊണ്ടായിരിക്കാം ഭൗതികമായി നല്ല ഫലം പുറപ്പെടുവിക്കുന്നു എന്നു നമുക്കു തോന്നാമെങ്കിലും ആത്മീയമായി നല്ല മേനിഫലം പുറപ്പെടുവിക്കാത്തത്. കർത്താവിനോടുള്ള സ്നേഹത്തിൽ

തുടങ്ങി, വ്യഗ്രത മൂലം ഒത്തിരികാര്യങ്ങൾ ചെയ്ത് അവസാനം കർത്താവി നിഷ്ടമില്ലാത്തതും ചെയ്യുന്നവരായിത്തീരുമോ നാം? എന്റെ അപ്പന്റെ ജ്യേഷ്ഠനും ചേച്ചിയും മിഷനറിമാരാണെങ്കിലും അവരുടെ സ്വാധീനമില്ലാതെത്തന്നെ ഒരു മിഷനറിയായി അകലങ്ങളിൽ പോകാൻ ഞാൻ വഴിമാറി ചവിട്ടിയതിന്റെ കാരണമിതാണ്.

പല ഭാഷകൾ അൽപാൽപം പരിചയപ്പെടുത്തുന്ന ധർമ്മരാമിലെ അധ്യയനം പുതിയ ഭാഷകൾ പഠിക്കുന്നതിൽ എന്ന സഹായിച്ചിട്ടുണ്ട്. ശെമ്മാശ്ശനായിരിക്കുമ്പോൾ കെനിയയിൽ പോയപ്പോഴും, പട്ടം കഴിഞ്ഞ് മഡഗാസ്കറിൽ പോയപ്പോഴും പുതിയ ഭാഷ പഠിക്കുന്നത് എനിക്ക് ഇഷ്ടമായിരുന്നു.

മുമ്പ് കെനിയയിൽ ആയിരുന്നപ്പോഴും പിന്നീട് മഡഗാസ്കറിൽ ആയപ്പോഴും ഞാൻ അന്തം വിട്ടിരുന്നിട്ടുണ്ട്. ആഫ്രിക്കൻ ഭൂഖണ്ഡത്തിലെ ജനങ്ങളുടെ രൂപഭാവങ്ങളും സംസ്കാരവും പെരുമാറ്റ രീതികളും വസ്ത്രധാരണരീതികളും ജീവിതവും, കൂടെ നമ്മുടെ മുൻവിധികളും എല്ലാം നമ്മെ പുതിയൊരു ലോകത്തിലേക്കാണ് കൊണ്ടുപോവുക. കറുത്ത നിറമുള്ളവരേയും തവിട്ടുനിറമുള്ളവരേയും അസംസ്കൃതർ എന്നുവിളിച്ച വെളുത്തവർക്കൊപ്പം നിന്നുകൊണ്ട് ഇവിടുത്തെ തദ്ദേശവാസികളെ തരം താഴ്ത്തുന്ന നമ്മെപ്പോലുള്ള തവിട്ടുനിറമുള്ളവരുടെ അൽപത്വവും നമുക്കിവിടെ കാണാൻ സാധിക്കും.

**വെല്ലുവിളികൾ**

നമ്മുടെ ഭാരതത്തിൽ ഒരു മിഷനറിയായി ജീവിക്കുമ്പോൾ ഉണ്ടാകുന്ന കഠിനമായ വെല്ലുവിളികളൊന്നും ഇവിടെ എനിക്കനുഭവപ്പെട്ടിട്ടില്ല. എങ്കിലും ഭൗതികമായ രീതിയിൽ നോക്കുമ്പോൾ ചില പുതുമകൾ ഇവിടെ നമുക്കനുഭവപ്പെടും. ഒരു തരത്തിൽ പറഞ്ഞാൽ സുവിശേഷത്തിൽ പറയുന്നതുപോലെ നാം വീണ്ടും ജനിക്കേണ്ടിയിരിക്കുന്നു, ഇവിടെ സുവിശേഷം പ്രസംഗിക്കുവാൻ. ഇതിനായി നമ്മുടെ പഴയ വേരുകളിൽനിന്നും നാം മുറിച്ചുമാറ്റപ്പെടേണ്ടതുണ്ട്. ഇതും ഒരു വെല്ലുവിളിയാകാം, കൂടുതൽ മേനിഫലം പുറപ്പെടുവിക്കാൻ. നാം വളർന്നുവന്ന സാഹചര്യം, സംസ്കാരം, ഭക്ഷണരീതി, വസ്ത്രധാരണരീതി, കാലാവസ്ഥ, ഭാഷ, ജീവിത സൗകര്യങ്ങൾ, വാർത്താവിനിമയ സൗകര്യങ്ങൾ എല്ലാം എല്ലാം നമുക്കന്യമാകുന്നു. അല്ലെങ്കിൽ മാറ്റം ചെയ്യപ്പെടുന്നു. എന്നാൽ ഈ മാറ്റങ്ങൾ കൊണ്ടുവരുന്ന അസ്വസ്ഥതകളെ അതിജീവിക്കുന്ന സന്തോഷവും സമാധാനവും; അതൊരു മിഷനറിക്കു സ്വന്തമാണ്. നാം തനിച്ചല്ല, നമ്മെ വിളിച്ചവന് നമ്മിലൂടെ പൂർത്തീകരിക്കാൻ ഒരു ദൗത്യമുണ്ട് എന്ന ബോധ്യം നമുക്ക് കരുത്ത് നൽകും. പിന്നെ പോരായ്മകളെ കുറിച്ച് ചിന്തിച്ചിരിക്കാൻ നമുക്കെവിടെ നേരം? ജീവിതത്തിൽ എപ്പോഴെങ്കിലും വിഷമിക്കാനിടയായ സന്ദർഭങ്ങളിലെല്ലാം കർത്താവിന്റെ കരമുണ്ടായിരുന്നു എന്ന് ഇപ്പോഴും തിരിച്ചറിയുന്നു. ഒരുതരം കൗതുകത്തോടെയാണ് അവയെല്ലാം അയവിറക്കുന്നത്.

(തുടരും)

# എന്തു നല്ലമ്മ... എന്നുടെ അമ്മ

## വ്യാകുല മാതാവ്
## (MOTHER OF SORROWS)

**സി. ക്രിസറ്റ് FCC, മാപ്രാണം**

വ്യാകുലമാതാവ് - നമ്മുടെ ജീവിതത്തെ ആഴത്തിൽ സ്പർശിക്കുകയും സ്വാധീനിക്കുകയും ചെയ്യുന്ന കരുണാർദ്രമായ മാതൃഭാവം. വ്യാകുല മാതാവെന്നാൽ വ്യാകുലയായ മാതാവെന്നും, വ്യാകുലരുടെ മാതാവെന്നുമാണ് അർത്ഥം. ഈ രണ്ടർത്ഥത്തിലും പരിശുദ്ധമറിയം വ്യാകുല മാതാവാണ്. സഹനത്തിന്റെ മുന്തിരി ചക്കിൽ സ്വയം അരഞ്ഞ് കർത്താവിൽ ജീവിതം പരമവിശുദ്ധിയുടെ മധുര വീഞ്ഞാക്കിത്തീർത്ത മറ്റേതൊരു സ്ത്രീയുണ്ട് ഈ ലോകത്തിൽ???... വ്യാകുലമാനസർക്ക് കാലാകാലങ്ങളിൽ ഇത്രത്തോളം സാന്ത്വനമേകുന്ന ഏതൊരമ്മയുണ്ട് ഈ ഭൂമിയിൽ???



രക്ഷകന് ജന്മം നൽകാനുള്ള ദൈവ പിതാവിന്റെ വിളിക്ക് സമ്മതവും സമർപ്പണവും നൽകിയ ധന്യനിമിഷം... ആ കൃപാദായക നിമിഷത്തിൽത്തന്നെ, നസ്രത്തിൽ നിന്ന് കാൽവരിയിലേയ്ക്കുള്ള കനൽവഴിയിൽ പരിശുദ്ധ മറിയം ആദ്യ ചുവടുവെച്ചുകഴിഞ്ഞു. പിന്നത്തെ ഓരോ ചുവടുവയ്പും ആ കനലിൽക്കൂടിത്തന്നെയായിരുന്നു. ഹൃദയത്തിലൊരു കുരിശുമായി, രക്ഷകന്റെ അമ്മ-എത്ര മനോജ്ഞവും മഹത്വപൂർണ്ണവുമായ പദവി. ഈ പദവിക്ക് മറിയം ദൈവത്തിന് കാഴ്ചയേകിയതെന്തെന്നോ?? ജീവിതസഹനബലി. വിശുദ്ധഗ്രന്ഥവും വിശുദ്ധ പാരമ്പര്യവുംകൂടി ഈ ജീവിത സഹനബലിയെ ഏഴു വ്യാകുലങ്ങളായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. തിരുമകനെ ചേർത്തു നിർത്തിയുള്ള തീവ്രപരീക്ഷണങ്ങളായിരുന്നു ആ വ്യാകുലങ്ങളത്രയും. വിളിച്ചവനോട് ചേർന്ന് നിന്നവൾ

ആ വ്യാകുലങ്ങൾ മുഴുവൻ കൃപയുടെ നീർച്ചാലുകളാക്കി.

പരിശുദ്ധ അമ്മയുടെ ഏഴു വ്യാകുലങ്ങളിലൂടെ നമുക്ക് ഒന്ന് കണ്ണോടിക്കാം. നമ്മുടെ വ്യാകുലങ്ങളോട് ചേർത്ത് വയ്ക്കാം.

**1. "നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചു കയറുകയും ചെയ്യും". (ലൂക്ക 2/34-35).** ശിമയോന്റെ ദീർഘദർശനം ശ്രവിച്ചപ്പോൾ അവിടുത്തെ മൃദുല ഹൃദയം അനുഭവിച്ച വ്യസനവും സങ്കടങ്ങളും ആർക്ക് മനസ്സിലാക്കാൻ കഴിയും? എങ്കിലും അവൾ പ്രത്യാശ കൈവെടിഞ്ഞില്ല. ദൈവത്തിന് സ്വയം സമർപ്പിച്ച് അചഞ്ചലചിത്തയായി ജീവിതബലി തുടർന്നു.

**2. തിരുകുടുംബം ഈജിപ്തിലേക്ക് ഓടിയൊളിക്കുന്നു. (മത്താ 2:13-14)** ഹേറോദേസിന്റെ വധഭീഷണിയും ഈജിപ്തിലേയ്ക്കുള്ള ഒളിച്ചോട്ടവും മറിയത്തിന്റെ ഹൃദയത്തിൽ മൂർച്ചയേറിയ വാളായി തുളച്ചു കയറി. അപ്പോഴും അവൾ അത്യുന്നതനിൽ സാന്ത്വനവും സമാധാനവും കണ്ടെത്തി.

**3. ബാലനായ ഈശോയെ കാണാതാകുന്നു (ലൂക്കാ 2:41-45).** മൂന്നു ദിവസത്തെ നഷ്ടപ്പെടലിന് മൂന്ന് യുഗങ്ങളേക്കാൾ കാലദൈർഘ്യം ഉണ്ടായിരുന്നു. ഈശോയെ കണ്ടുമുട്ടുമ്പോൾ "മകനെ നീ ഞങ്ങളോട് ഇങ്ങനെ ചെയ്തതെന്ത്?" എന്ന് മറിയം ചോദിച്ചതായി വിശുദ്ധഗ്രന്ഥത്തിൽ വായിക്കുമ്പോൾ അവളുടെ ആത്മദുഃഖത്തിന്റെ ഉഷ്ണക്കാറ്റ് നമ്മെ പൊതിയുന്നു. പുത്രൻ കൈവിട്ടുപോയ ദുഃഖത്തിന്റ വാൾ അവളുടെ ഹൃദയം ഭേദിച്ചുകളഞ്ഞു.

**4. ഗാഗുൽത്തായിലേയ്ക്കുള്ള വഴി മദ്ധ്യേ മാതാവും പുത്രനും തമ്മിൽ കാണുന്നു (വിലാപം 2:13, 1:16, 1:12).** വാക്കുകൾക്ക് ഏറ്റുവാങ്ങാനാവാത്ത്ര സങ്കടം നിറഞ്ഞ കൂടിക്കാഴ്ച. ദുഃഖത്തിന്റെ രണ്ടു മഹാസാഗരങ്ങൾ സന്ധിച്ച നിമിഷം. അപ്പോൾ മറിയത്തിന്റെ ഹൃദയത്തിൽ ഒന്നല്ല ഒരായിരം വാളുകൾ ഒന്നിച്ചു തുളച്ചുകയറി. ഓർശ്ലേം സ്ത്രീകളെ സമാശ്വസിപ്പിച്ച യേശു, അമ്മയെ സാന്ത്വനപ്പെടുത്താൻ ഒരു വാക്കുപോലും അരുളിയില്ല. അവനറിയാമായിരുന്നു, സ്വർഗ്ഗത്തിനു മാത്രമേ അവൾക്ക് സമാശ്വാസമേകാൻ കഴിയൂ എന്ന്.

**5. പരിശുദ്ധ അമ്മ കുരിശിൻ ചുവട്ടിൽ (യോഹ 19:25-27).** പ്രിയ പുത്രനെ ബലി നൽകാൻ അബ്രാഹത്തോട് ദൈവം കൽപിച്ചു. പിതൃഹിതം നിറവേറ്റാൻ വാളുയർത്തിയ അബ്രാഹത്തിന് ബലിയർപ്പിക്കാൻ മുട്ടാടിനെ നൽകുന്ന ദൈവം മറിയത്തോട് അങ്ങനെയൊരു കാരുണ്യം പോലും കാട്ടിയില്ല. അവിടുത്തെ വചനം എന്നിൽ നിറവേറട്ടെ എന്ന സമർപ്പണ വചനം അന്തരാത്മാവിൽ ഏറ്റു പറഞ്ഞുകൊണ്ട് പുരോഹിതനായ ദൈവപുത്രന്റെ സഹകാർമികയും അവനെപ്പോലെ ആത്മനാ ബലിവസ്തുവുമായി ആ പരമയാഗത്തിൽ പങ്കാളിയായി. ആ ആത്മബലിയുടെ ദിവ്യ നിമിഷങ്ങളിൽ പടയാളികളിൽ ഒരുവന്റെ കുന്തം കൊണ്ടുള്ള കുത്തേറ്റ് മനുഷ്യപുത്രന്റെ പാർശ്വം പിളർന്നതുപോലെ വ്യാകുലവാൾ തുളച്ചുകയറി മറിയത്തിന്റെ ഹൃദയവും പിളർന്നു. ദൈവത്തേയും സഹോദരങ്ങളേയും സ്നേഹിക്കുന്നവരുടെ ഹൃദയം പിളർക്കപ്പെടുമെന്ന സത്യത്തിന്റെ വെളിപാടാണ് ആ രണ്ടു ഹൃദയങ്ങൾ.

**6. അവിടുത്തെ തിരുശരീരം മാതാവിന്റെ മടിയിൽ കിടത്തുന്നു. (മർക്കോ15:43).** മറിയത്തിന്റെ ജീവിതത്തിലെ ഏറ്റവും ദുഃഖരമായ മരണമാണ് പിയേത്ത. തിരുമകന്റെ മൃതദേഹം ഏറ്റുവാങ്ങിയപ്പോൾ മകനെപ്പറ്റിയുള്ള ഓർമ്മകളുടെ പ്രവാഹവും ദുഃഖത്തിന്റെ വേലിയേറ്റവും അവളെ വിഴുങ്ങി കളയാതിരുന്നത് അവളുടെ വിശ്വാസവും ഭക്തിയുംകൊണ്ടുമാത്രമാണ്. പ്രിയപുത്രന് അന്ത്യചുംബനം നൽകവേ അവളുടെ ഹൃദയത്തിൽ നിന്നൊഴുകിയ കണ്ണുനീരാൽ അവൾ തന്റെ പൊന്നോമനപുത്രനെ തൈലാഭിഷേകം ചെയ്തു.

**7. ഈശോയുടെ തിരുശരീരം കല്ലറയിൽ സംസ്കരിക്കപ്പെടുന്നു (മത്താ 27:57-60).** ഈശോയുടെ മൃതദേഹം തോട്ടത്തിലെ കല്ലറയിൽ വച്ചപ്പോൾ ആ അമ്മയുടെ ഹൃദയം തകർന്നുപോയി. എന്റെ കുഞ്ഞു പിറന്നുവീണ പുൽക്കൂട് അന്യന്റേത്. അവന്റെ ശരീരം അടക്കം ചെയ്യുന്ന കല്ലറയും അന്യന്റേത്. ഈ വിധ ചിന്തകളാൽ..... ആ കല്ലറയുടെ വാതുക്കൽ ഉരുട്ടിവച്ച കല്ലിന്റെ ഭാരത്തേക്കാൾ വലിയ ഭാരംകൊണ്ട് തിരുമാതാവിന്റെ നെഞ്ച് ഞെരിഞ്ഞമർന്നു. അവസാനത്തെ വ്യാകുലവാളും ആ ഹൃദയത്തിൽ തുളച്ചുകയറി. അമ്മയുടെ ഹൃദയദുഃഖത്തിന്റെ തീവ്രത.... നമ്മുടെ ഭാവനയുടെ സീമയ്ക്ക് എത്രയോ അപ്പുറമാണ്....

പരിശുദ്ധഅമ്മ അനുഭവിച്ച വ്യാകുലങ്ങൾ കേവലം ഭൂതകാല സംഭവമല്ല. മനുഷ്യപുത്രൻ തന്നെ ഭരമേൽപിച്ച മനുഷ്യമക്കളെ പ്രതി മറിയം എന്നെന്നും വ്യാകുലങ്ങൾ അനുഭവിക്കുന്നു. നമുക്കായ് അമ്മ അനുഭവിക്കുന്ന വ്യാകുലങ്ങൾ ധ്യാനിച്ച് ആ വ്യാകുലങ്ങളോട് നമ്മുടെ വ്യാകുലങ്ങളെ ചേർത്ത് വച്ച് നമുക്ക് അമ്മയുടെ മടിയിലിരുന്ന് ഇങ്ങനെ പ്രാർത്ഥിക്കാം. "അമ്മേ ഞങ്ങൾ അവാച്യവും അസഹനീയവുമായ ദുഃഖത്താൽ തളർന്നു വീണേക്കാം.... നിരാശയുടെ നീർക്കയത്തിൽ മുങ്ങിപ്പോകാം.... ദൈവത്തെ കൈവെടിഞ്ഞെന്നും വരാം... ജീവിതം അർത്ഥശൂന്യമാണെന്ന വ്യർത്ഥചിന്തയിൽ വീണു പോയേക്കാം... ദുഃഖപൂർണ്ണമായ ഈ നിമിഷങ്ങളിൽ സ്വർഗ്ഗീയ സാന്ത്വനമായി നീ ഞങ്ങളുടെ ജീവിതത്തിലേയ്ക്ക് കടന്നു വരണമേ, അമ്മേ..... കൂടെ വരണമേ.....".

**എന്തു നല്ലമ്മ..... എന്നുടെ അമ്മ**

**എനിക്കും ഈശോയ്ക്കും ഒരേ അമ്മ... ഒരേ ഒരമ്മ.**

വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാളിന്റെ പിറ്റേ ദിവസം (സെപ്തം. 15) ആണ് വ്യാകുല മാതാവിന്റെ തിരുനാൾ സഭയിൽ ആചരിക്കുന്നത്.

---

## കഴിഞ്ഞ ലക്കം കളറിംഗ് മത്സര വിജയികൾ

**എൽ.പി.വിഭാഗം**

**ജോസിയ ഷാനി**

തെക്കിനിയത്ത് വീട്,
സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ് ,
ക്ലാസ്സ് IV A





**യു.പി.വിഭാഗം**

**സിന്റാ ജോസ്**

മച്ചിങ്ങൽ വീട്,
വാ. മദർതെരേസ യൂണിറ്റ്
ക്ലാസ്സ് VII B,

## വിശുദ്ധരുടെ ജീവിതത്തിലൂടെ...

# വി.ഗീവർഗീസ് (ഏപ്രിൽ 24)

## (St. George)

**സി. ഡെൽസ മരിയ FCC, മാപ്രാണം**

വിശ്വാസ ദൃഢതയുടെ ഒളിമങ്ങാത്ത ഉദാഹരണമാണ് വി.ഗീവർഗീസ്. ആദിമ ക്രൈസ്തവർക്ക് പ്രതീക്ഷയുടേയും ധൈര്യത്തിന്റേയും തീരം കാണിച്ചുകൊടുത്ത മഹാവിശുദ്ധൻ. ലോകത്തിന്റെ ശീതളിമയിൽപ്പെടാതെ, പ്രലോഭനങ്ങളുടെ ചതുപ്പുനിലങ്ങളിൽ കാൽ വയ്ക്കാതെ, മനസ്സിന്റെ വികാരങ്ങളെ വിശ്വാസത്തിന്റെ വീഥിയിലേയ്ക്ക് തിരിച്ചുവിട്ട്, പകർന്നുകിട്ടിയ വിശ്വാസത്തെ എല്ലാറ്റിനേക്കാളും വില മതിച്ച പുണ്യവാൻ. അദ്ദേഹത്തിന്റെ ജീവിതത്തേയും കർമ്മധീരതയേയും പരമോന്നതമായ ദൈവവിശ്വാസത്തേയും ഉൾക്കൊള്ളുവാൻ നാം ശ്രമിക്കണം. കാരണം, സഭ കടന്നുപോകുന്നത് വെല്ലുവിളികളുടെ നടുവിലൂടെയാണ്.



AD 269ൽ ഏഷ്യമൈനറിലെ ''കപ്പദോച്ചിയാ''യിൽ സമ്പന്നമായ കുടുംബത്തിലെ ഏക സന്താനമായിട്ടാണ് ഗീവർഗ്ഗീസ് പിറന്നത്. നന്നേ ചെറുപ്പത്തിൽതന്നെ ക്രിസ്തീയ വിശ്വാസത്തിലെ മധുവൂറുന്ന മൂല്യങ്ങൾ ആ ഹൃദയത്തിൽ ഏറ്റുവാങ്ങി. അധികം താമസിയാതെ മതവിരോധികളോട് ധീരമായി പടവെട്ടി വത്സലപിതാവ് രക്തസാക്ഷി മകുടം ചൂടി. വിശ്വാസത്തിന്റെ വിലയും മൂല്യവും സ്വന്തം ജീവനേക്കാൾ വലുതാണെന്ന കാര്യം ആ പിതാവ് മകന് ജീവിതത്തിലൂടെ കാണിച്ചുകൊടുത്തു. രക്തസാക്ഷിയായി മരിച്ച തന്റെ ഭർത്താവിന്റെ നിണമൊപ്പിയെടുത്ത തൂവാലയെടുത്ത് ദിവസവും സന്ധ്യാപ്രാർത്ഥനക്കുശേഷം അവൾ ചുംബിച്ചു കരയുന്നതുകണ്ട് ഗീവർഗ്ഗീസ് കാര്യം തിരക്കി. അമ്മ പറഞ്ഞു" മകനെ ഇത് നിന്റെ അപ്പച്ചന്റെ രക്തമാണ്. രക്തസാക്ഷിയായി മരിച്ച അദ്ദേഹത്തിന്റെ ദിവ്യനിണം ഒപ്പിയെടുത്തത് നിനക്ക് ധൈര്യവും ഉറപ്പും ലഭിക്കാനാണ്."

പ്രശസ്തമായ അന്ത്യോക്യൻ സ്ക്കുളിലെ വിദ്യാഭ്യാസകാലത്ത് ക്രിസ്തുനാഥനോടുള്ള ഹൃദയഐക്യം അദ്ദേഹത്തിൽ അതീവമായി നില കൊണ്ടു.സർവ്വലോകരാജാവായ ക്രിസ്തുനാഥനുവേണ്ടി മരിക്കുന്നത് എത്രയോ ശ്രേഷ്ഠമായ കാര്യമാണ്. അന്നുമുതൽ ക്രിസ്തുവിശ്വാസപ്രഘോഷകനായി അദ്ദേഹം യാത്ര തുടർന്നു.

അക്കാലത്ത് പാലസ്തീനായിലെ ലോദ് എന്ന പട്ടണത്തിൽ കന്നുകാലികളെയും ജനങ്ങളെയും തിന്നുന്ന, സംസാരിക്കാൻ കഴിവുണ്ടായിരുന്ന ഒരു വിചിത്രജീവി ഉണ്ടായിരുന്നു. ഈ ഉപദ്രവം നിർത്തണമെന്ന് ആവശ്യപ്പെട്ട രാജാവിനോട്, രാജകുമാരിയെ നൽകിയാൽ തന്റെ ക്രൂരപ്രവൃത്തികൾ അവസാനിപ്പിക്കാം എന്നാണ് ആ വിചിത്ര ജീവി മറുപടി പറഞ്ഞത്. ദുഃഖാർത്തരായ രാജകുടുംബം ഇക്കാര്യം വി.ജോർജ്ജിനെ അറിയിച്ചു. ക്രിസ്തുവിന്റെ നാമത്തിൽ നിരവധി അത്ഭുത പ്രവർത്തികൾ ചെയ്യാൻ വി. ജോർജ്ജിന് കഴിഞ്ഞിരുന്നു. രാജകുമാരിയെ ഭക്ഷിക്കുവാൻ തന്റെ ആവാസകേന്ദ്രത്തിൽ നിന്നും പുറത്തുവന്ന ആ വിചിത്രജീവിയെ വി.ജോർജ്ജ് തന്റെ കുന്തത്താൽ കുത്തിപിളർത്തി അവിടത്തെ ജനങ്ങളെ രക്ഷിച്ചു. ഈ പ്രവൃത്തിയുടെ പേരിൽ വി.ജോർജ്ജിനെ ലോദിന്റെ പ്രത്യേക മധ്യസ്ഥനായി വണങ്ങി വരുന്നു. പൈശാചിക ശക്തികളാൽ കഷ്ടപ്പെടുന്നവരുടെ ആശാകേന്ദ്രമാണ് വി.ജോർജ്ജ്.

മതവിരോധിയായ ഡയോക്ലീഷന്റെ കാലത്ത് ശത്രുക്കളുടെ നിഗൂഢനീക്കങ്ങൾ ചോർത്തി ക്രൈസ്തവരെ രക്ഷിക്കാൻ ഗീവർഗീസ് ശ്രമിച്ചിരുന്നു. ഇതറിഞ്ഞ ചക്രവർത്തി ഗീവർഗീസിനെ ഇത്തരം പ്രവൃത്തിയിൽനിന്ന് പിന്തിരിപ്പിക്കാൻ ശ്രമിച്ചെങ്കിലും ദൃഢനിശ്ചയത്തിന്റെ മൂർത്തമായ ഉദാഹരണമായി ഗീവർഗ്ഗീസ് നിലകൊണ്ടു. എന്റെ ദൈവത്തെ അവഗണിച്ച് രാജാവിനെ സേവിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല എന്ന് ധീരതയോടെ വിളിച്ച് പറഞ്ഞ ഗീവർഗീസ് പലവട്ടം കാരാഗൃഹവാസത്തിന് വിധേയനായി. എന്നിട്ടും പതറിയില്ല എന്നുമാത്രമല്ല, ഈ ധീരത മറ്റു പലർക്കും രക്തസാക്ഷികളാകാൻ പ്രചോദനവുമായി. അങ്ങിനെ അനേകം കാരാഗൃഹവാസങ്ങൾക്കും പീഢനങ്ങൾക്കും ശേഷം ഏപ്രിൽ 24ന് ആ വിശുദ്ധജീവിതം സ്വർഗ്ഗത്തിലേയ്ക്ക് എടുക്കപ്പെട്ടു.

വിശ്വാസത്തിന്റെ നനവ് കെട്ടുപോകാതിരിക്കാൻ, ജീവിതം സഹനങ്ങളും അസ്വസ്തതകളും പ്രലോഭനങ്ങളും നൽകുമ്പോൾ പതറിപ്പോകാതെ യഥാർത്ഥ വിശ്വാസപ്രഘോഷകരായി ജീവിക്കാൻ, വിശുദ്ധ ഗീവർഗീസിന്റെ മാതൃകയും മധ്യസ്ഥവും നമുക്ക് സ്വീകരിക്കാം. വിശുദ്ധ ഗീവർഗീസിന്റെ നാമം സ്വീകരിച്ച് തിരുനാൾ ഘോഷിക്കുന്ന സെന്റ് ജോർജ് യൂണിറ്റിനും സെന്റ് ഗീവർഗീസ് യൂണിറ്റിനും സെന്റ് ജോർജ്ജ് നാമധാരികൾക്കും തിരുനാൾ ആശംസകൾ!!

# മാപ്രാണം ഇടവകയുടെ അഭിമാനം



**Dr. Johnson Nayankara MA, MBA, DCA, Ph.D**

വ്യത്യസ്തമായ മെഴുകുതിരികൾ ഏറ്റവും കൂടുതൽ ശേഖരിച്ചതിന്റെ പേരിൽ 2011 ൽ ശ്രീ. ജോൺസൺ നായങ്കരയുടെ പേര് ലോക റെക്കോർഡുകൾ രേഖപ്പെടുത്തുന്ന ഗിന്നസ് ബുക്കിൽ ഇടം നേടി. അഞ്ച് ഭൂഖണ്ഡങ്ങളിലെ 14 രാജ്യങ്ങളിൽ നിന്നായി ശേഖരിച്ച മെഴുകുതിരികളാണ് അത്യപൂർവ്വമായ ഈ നേട്ടത്തിന് ജോൺസനെ അർഹനാക്കിയത്. ഈ റെക്കോർഡിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച തിസീസിന്റെയും റെക്കോർഡ് സ്ഥാപിക്കാൻ സ്വീകരിച്ച നൂതന മാർഗ്ഗങ്ങളുടേയും അടിസ്ഥാനത്തിൽ ബ്രിട്ടനിലെ വേൾഡ് റെക്കോർഡ് യൂണിവേഴ്സിറ്റിയുടെ ഓണററി ഡോക്ടറേറ്റ്, വിയറ്റ്നാമിലെ ഹോചിമിൻ സിറ്റിയിൽ 2014 മാർച്ച് 22ന് നടന്ന ബിരുദ ദാന ചടങ്ങിൽ വെച്ച്, വേൾഡ് റെക്കോർഡ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ, ജോൺസന് സമ്മാനിച്ചു. കേരളത്തിൽ നിന്ന് 2014ൽ ഈ ബിരുദം കരസ്ഥമാക്കിയ ഏക വ്യക്തിയാണ് ജോൺസൺ നായങ്കര. മാപ്രാണം മാർസ്ലീവാ പള്ളിയിൽ അഞ്ച് തവണ കൈക്കാരനായും മാർ സ്ലീവാ അസോസിയേഷൻ ഫോർ റൂറൽ ഗൈഡൻസ് - MARG ന്റെ പ്രഥമ സെക്രട്ടറിയായും സേവനം അനുഷ്ഠിച്ചിട്ടുള്ള ശ്രീ. ജോൺസൺ നായങ്കരയെ മാപ്രാണം ഇടവക സമൂഹത്തിന്റെ പേരിൽ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. ഇനിയും കൂടുതൽ നേട്ടങ്ങൾ കൈവരിക്കുവാൻ കഴിയട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു.

# സഭാവാർത്തകൾ

സി. ഡെൽസ മരിയ FCC, മാപ്രാണം

**1. 2015 സമർപ്പിത വർഷം :**

സമർപ്പിത ജീവിതക്കാർക്കുവേണ്ടി 2015 സമർപ്പിക്കുമെന്ന് ഫ്രാൻസിസ് പാപ്പ വത്തിക്കാനിൽ നടന്ന സുപ്പീരിയർ ജനറൽമാരുടെ കൂട്ടായ്മയിൽ വ്യക്തമാക്കി. "ലോകത്തെ ഉണർത്തുവാൻ സാധിക്കുന്നവരാണ് സമർപ്പിതർ". അതുകൊണ്ട് സമർപ്പിത ജീവിതം പ്രോത്സാഹിപ്പിക്കാനും സമർപ്പിതർ നേരിടുന്ന വെല്ലുവിളികളിലേയ്ക്ക് ലോകശ്രദ്ധ തിരിക്കാനും സമർപ്പിത വർഷം ആചരിക്കുമെന്ന് മാർപാപ്പ വ്യക്തമാക്കി.

**2. സോഷ്യൽ മീഡിയയിലൂടെ സുവിശേഷവൽക്കരണം :**

നവ സുവിശേഷവൽക്കരണത്തിന് സോഷ്യൽമീഡിയ ഉപയോഗിക്കുവാൻ ഫിലിപ്പീൻസിൽ നടന്ന യുവജന സിമ്പോസിയത്തിൽ വത്തിക്കാന്റെ സോഷ്യൽ കമ്മ്യൂണിക്കേഷനായുള്ള പൊന്തിഫിക്കൽ കമ്മീഷൻ സെക്രട്ടറി മോൺ.ടിക്കെ ആഹ്വാനം ചെയ്തു. ഡിജിറ്റൽ കാലഘട്ടത്തിലെ സഹോദരി സഹോദരന്മാരോട് നാം സുവിശേഷം പ്രസംഗിക്കണമെങ്കിൽ അവർക്ക് മനസ്സിലാകുന്ന ഭാഷയിൽ നാം സംസാരിക്കുകയും യഥാർത്ഥ വിശ്വാസത്തിന്റെ ജീവിത സാക്ഷ്യം നൽകുകയും വേണം

**3. മദ്യനയത്തിൽ പുതിയ നിലപാട് സ്വാഗതാർഹം :**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുതിയ മദ്യശാലകൾ അനുവദിക്കാൻ പാടില്ലെന്ന കോൺഗ്രസ്സ് നിലപാട് സ്വാഗതാർഹമാണെന്ന് കേരള കത്തോലിക്ക മെത്രാൻസംഘം അഭിപ്രായപ്പെട്ടു..

**4. ദാരിദ്ര്യത്താൽ സമ്പന്നമാകണം ഈ നോമ്പുകാലം : മാർപാപ്പ**

യേശുവിന്റെ മനോഭാവം ഉൾക്കൊണ്ട് ഓരോരുത്തരും, ദാരിദ്ര്യത്താൽ സമ്പന്നരാകുന്നതിനുള്ള ആഹ്വാനമാണ് ക്രിസ്തീയ വിശ്വാസിക്ക് നോമ്പുകാലം. അവൻ നിങ്ങളെ പ്രതി ദരിദ്രനായി. തന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നരാകാൻ വേണ്ടി.

---

**മാർച്ച് ലക്കം ക്വിസ് മത്സരത്തിൽ ശരിയുത്തരം എഴുതിയവർ**

(1) അഖിൽ ജോൺസൺ, കാഞ്ഞാണിക്കാരൻ - ഹോളിക്രോസ്, (2) റീമ സിന്റോ, താണിപ്പുള്ളി - സെന്റ് സെബാസ്റ്റ്യൻ, (3) സിജി ബിജു - സെന്റ് ജോൺ I, (4) ആൽവിൻ വിൻസന്റ്, കാഞ്ഞാണിക്കാരൻ - സെന്റ് ജോസഫ്, (5) ജിസ്ന എം.ജെ., മാളിയേക്കൽ - സെന്റ് മേരീസ് I, (6) സോളി സൈമൺ - സെന്റ് ജോർജ്ജ്, (7) ലിയ പി. ജോർജ്ജ് പള്ളിത്തറ - സെന്റ് മേരീസ് I, (8) സിയ റൂബിസൻ, കിടങ്ങുപറമ്പിൽ - സെന്റ്മേരീസ് II, (9) ടി.ആർ. ജോസ്, തെക്കേത്തല - സെന്റ് റോസ്, (10) റോസി ആന്റണി, കുറ്റിക്കാടൻ - സെന്റ് ജോസഫ്, (11) മേരി ജോർജ്ജ് പള്ളിത്തറ - സെന്റ് ജോൺ II

**NB : ക്വിസ് മത്സരത്തിൽ ഒരു വീട്ടിൽ നിന്ന് ഒരു അംഗം മാത്രമേ പങ്കെടുക്കാവൂ.**

# ജൂബിലി നിറവിൽ

സ്നേഹമുള്ളവരെ,

മാപ്രാണത്ത് ഒരു ദൈവാലയം സ്ഥാപിതമായതിന്റെ 1086-ാം വാർഷികവും നവ നിർമ്മിത ദൈവാലയത്തിന്റെ രജതജൂബിലിയും ഇടവകദിനവും സംയുക്തമായി 2014 ഫെബ്രുവരി 23-ാം തിയ്യതി ഞായറാഴ്ച ആഘോഷിച്ചു. ഇരിങ്ങാലക്കുട രൂപത മെത്രാൻ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിലും മുൻ വികാരിമാരുടേയും ഇടവക വൈദികരുടേയും സഹ കാർമ്മികത്വത്തിലും അർപ്പിച്ച കൃതജ്ഞതാബലിയിലൂടെ ഒത്തിരി ദൈവാനുഗ്രഹം നമ്മുടെ ഇടവകയ്ക്ക് ലഭിച്ചിട്ടുണ്ട്. ദിവ്യബലിയിലും, ആഘോഷ പരിപാടികളിലും മുഴുവൻ ഇടവക സമൂഹവും പങ്കുചേർന്നത് സന്തോഷ പൂർവ്വം സ്മരിക്കുന്നു. മുൻ വികാരിമാർക്കും മുൻ കൈകാരന്മാർക്കും അവരുടെ നിസ്വാർത്ഥ സേവനത്തിന് ഇടവകയുടെ നന്ദി സൂചകമായി ഓരോ സ്നേഹോപഹാരവും സമ്മാനിച്ചു. നവനിർമ്മിത ദൈവാലയത്തിന്റെ നിർമ്മാണ കമ്മിറ്റി അംഗങ്ങളേയും അന്നേദിവസം ആദരിച്ചു. രൂപതയുടെ "ബ്ലസ് എ ഹോം" പദ്ധതിയിലേക്ക് ഇടവകാംഗങ്ങളിൽ നിന്ന് സമാഹരിച്ച 60,000 ക. പൊതുസമ്മേളനത്തിൽ വച്ച് അഭിവന്ദ്യപിതാവിനെ ഏൽപ്പിക്കുകയുണ്ടായി. ഇടവകാതിർത്തിയിൽ താമസിക്കുന്ന അശരണരും രോഗികളുമായ 25 പേർക്ക് സാമ്പത്തിക സഹായവും നൽകി. ആഘോഷ പരിപാടികളിൽ സംബന്ധിച്ച മാർ പോളി കണ്ണൂക്കാടൻ പിതാവ്, വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ മാളിയേക്കൽ, മുൻ വികാരിമാർ, ഇടവക വൈദികർ എന്നിവർക്ക് സ്നേഹാദരങ്ങളോടെ നന്ദിയർപ്പിക്കുന്നു. ആഘോഷ പരിപാടികൾക്ക് നേതൃത്വവും മാർഗ്ഗനിർദ്ദേശവും നൽകിയ ബഹു. വികാരി റവ. ഫാ. ജോസ് മാളിയേക്കലിനും അസി. വികാരി. റവ. ഫാ. ജിന്റോ ചിറയത്തിനും, ബഹു. സിസ്റ്റേഴ്സിനും നന്ദിയുടെ നറുമലരുകൾ സമർപ്പിക്കുന്നു. ആഘോഷപരിപാടികളിൽ സംബന്ധിച്ച ബഹു. എം.എൽ.എ അഡ്വ. തോമസ് ഉണ്ണിയാടൻ, ചെയർപേഴ്സൺ ശ്രീമതി ബെൻസി ഡേവിഡ് എന്നിവർക്കും ജൂബിലി ആഘോഷകമ്മിറ്റി അംഗങ്ങൾ, കുടുംബകൂട്ടായ്മ കേന്ദ്രസമിതി ഭാരവാഹികൾ, യൂണിറ്റ് പ്രസിഡണ്ടുമാർ, സെക്രട്ടറിമാർ, പള്ളി, മാർഗ് സ്റ്റാഫ് അംഗങ്ങൾ എന്നിവർക്കും പ്രത്യേകം നന്ദി പറയുന്നു. സർവ്വോപരി ആഘോഷപരിപാടികളിൽ സഹകരിക്കുകയും പങ്കെടുക്കുകയും ചെയ്ത എല്ലാ ഇടവകാംഗങ്ങൾക്കും ഹൃദയപൂർവ്വം നന്ദി പറയുന്നു.

സ്നേഹാദരങ്ങളോടെ,

**ജോസഫ് കാച്ചപ്പിള്ളി, സൈമൺ ചാക്കോര്യ, ജോസ് ചെങ്ങാലൂക്കരൻ**
ട്രസ്റ്റിമാർ

# ആരോഗ്യ ചിന്തകൾ

**ജെസ്റ്റിൻ ജോസ് എം.**

കഴിഞ്ഞ ലക്കത്തിൽ ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് വ്യായാമത്തിന്റെ പ്രാധാന്യത്തെ കുറിച്ചാണ് പ്രതിപാദിച്ചത്. അതോടൊപ്പം പ്രധാനപ്പെട്ടതാണ് നല്ല ആഹാരശീലം. ആരോഗ്യ പരിരക്ഷണയിൽ ആഹാരത്തിന്റെ അളവും ഗുണവും ഒരുപോലെ പ്രധാനമാണ്. അമിതാഹാരമാണ് ഇന്നത്തെ തലമുറ പ്രതിനിധാനം ചെയ്യുന്ന പൊണ്ണത്തടി, കുടവയർ, പ്രമേഹം, ഉയർന്ന രക്തസമ്മർദ്ധം, തുടങ്ങിയ പല അസുഖങ്ങളുടേയും മൂലകാരണമെന്നു സമ്മതിയ്ക്കേണ്ടിവരും. മലയാളത്തിൽ ''അരിയെത്തുക'' എന്ന ചൊല്ല് നിലവിലുണ്ട്. എല്ലാവർക്കും ഒരായുസ്സിൽ ഒരു നിശ്ചിത അളവ് ഭക്ഷണം തീരുമാനിച്ചിട്ടുണ്ടത്രെ! അൽപം അതിശയോക്തി പരമാണെങ്കിലും കൂടുതൽ കാലം ജീവിയ്ക്കണമെങ്കിൽ, കുറച്ചു ഭക്ഷിക്കുക എന്നത് വളരെ പ്രാധാന്യമേറിയതാണ്. ആദ്യകാല ചികിത്സാരീതികളിൽ വയറിൽ മൂന്നിൽ ഒന്ന് ഭക്ഷണം, മൂന്നിലൊന്ന് വെള്ളം, ബാക്കി കാലി എന്നതാണ് അവലംബിച്ചിരുന്നത്. അതുപോലെ ഭക്ഷണമെന്നാൽ അരിഭക്ഷണം മാത്രമല്ല, നാം കഴിയ്ക്കുന്നതൊക്കെ ഭക്ഷണമാണ്. അതുകൊണ്ടുതന്നെ ഭക്ഷണത്തെ സ്നേഹസൂചകമായി കാണുന്ന പ്രവണത ഒഴിവാക്കേണ്ടതുണ്ട്. ഭക്ഷണം കുറയ്ക്കുകയെന്നാൽ കൂട്ടത്തിൽ ഇരുന്ന് കഴിയ്ക്കുന്നയാളേക്കാളും കുറച്ചു കഴിയ്ക്കുക എന്നല്ല, അവരവരുടെ ആവശ്യം മനസ്സിലാക്കി ഭക്ഷണം ക്രമീകരിക്കണമെന്നതാണ്.

ഭക്ഷണകാര്യത്തിൽ പ്രധാനം അതിന്റെ ഗുണമാണ്. ശരീരത്തിനാവശ്യമായ പോഷകഘടകങ്ങൾ ഭക്ഷണം കഴിയ്ക്കുമ്പോൾ ലഭിയ്ക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. അരി, ഗോതമ്പ്, റാഗി, ചോളം, ഓട്സ് തുടങ്ങി ഏതെങ്കിലും ധാന്യങ്ങൾ ഊർജ്ജത്തിനായി ഉപയോഗിയ്ക്കാം. നമ്മുടെ ഭക്ഷണത്തിന്റെ അഞ്ചിൽ നാലു ഭാഗവും ഊർജ്ജദായകമായ ഇത്തരം ധാന്യങ്ങൾ ആകുന്നതാണ് ഉത്തമം. ശരീരവളർച്ചയ്ക്കാവശ്യമായ മാംസ്യം കിട്ടുന്നതിന് പയർ, പരിപ്പ്, ഇറച്ചി, മുട്ട, മത്സ്യം ഇവയിൽ ഏതെങ്കിലും ഒന്ന് കഴിയ്ക്കണം. ധാന്യങ്ങളുമായുള്ള ഇവയുടെ അനുപാതം 4:1 എന്നു ക്രമീകരിക്കേണ്ടതാണ്. നാര് കൂടുതലായി ലഭിക്കുന്നതിന് കാരറ്റ്, കക്കരി, തക്കാളി, വെണ്ട, പാവയ്ക്ക തുടങ്ങിയ പച്ചക്കറികളും പഴങ്ങളും ഭക്ഷണത്തിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. പഴങ്ങൾ ഉൾപ്പെടുത്താൻ പറയുമ്പോൾ വില കൂടിയ പഴങ്ങൾ അന്വേഷിച്ചു പോകേണ്ടതില്ല. നമ്മുടെ നാട്ടിലുള്ള സാധാരണ പഴങ്ങൾ ധാരാളമാണ്. അവയാണ് കൂടുതൽ ഉത്തമവും. പയറുവർഗ്ഗങ്ങൾ ഉൾപ്പെടുത്താൻ പറയുമ്പോൾ പ്രധാന പരാതി ഗ്യാസ് ആണ് എന്നതാണ്.

ശേഷം പേജ് 30

# നിങ്ങൾക്കറിയാമോ?

**ബീന തോമസ് ചേറേങ്ങാടൻ**

1. നിങ്ങളിപ്പോൾ ഇടയ്ക്കിടയ്ക്ക് കേൾക്കുന്ന വാക്കാണല്ലോ "ഡയാലിസിസ്". എന്നാൽ എന്താണ് ഈ ഡയാലിസിസ് എന്നറിയാമോ? നമ്മുടെ ശരീരത്തിലെ രക്തം ശുദ്ധീകരിക്കുന്ന അരിപ്പകളായി പ്രവർത്തിക്കുന്ന വൃക്കകൾ പ്രവർത്തനരഹിതമാകുന്ന സാഹചര്യത്തിൽ രക്തത്തിൽ നിന്ന് മാലിന്യങ്ങളും ലവണങ്ങളും അധികം വരുന്ന ജലാംശവും കൃത്രിമമായി യന്ത്രസഹായത്താൽ വേർതിരിച്ച് ശുദ്ധീകരിക്കുന്ന പ്രക്രിയയെയാണ് ഡയാലിസിസ് എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്. പാമ്പുകടിയേറ്റവർക്ക് ഒരു താൽക്കാലിക സംവിധാനമായും, ഓപ്പറേഷൻ കൊണ്ടോ മറ്റു ചികിത്സാ സംവിധാനങ്ങൾകൊണ്ടോ വൃക്കകൾ സാധാരണ രീതിയിലേയ്ക്ക് ഒരിക്കലും മടങ്ങി വരാത്ത സാഹചര്യത്തിൽ, ഒരു സ്ഥിരം സംവിധാനമായും ഡയാലിസിസ് ചെയ്തുവരുന്നു.

2. നാം സാധാരണയായി **"ഓകെ"** എന്ന പദം ഉപയോഗിക്കാറുണ്ട്. എന്തുകൊണ്ടാണ് ഇങ്ങനെ പറയുന്നത് എന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ?

എല്ലാം ശരി എന്നർത്ഥത്തിൽ പ്രയോഗിക്കുന്ന OK, All Correct എന്ന ഇംഗ്ലീഷ് വാക്കിന്റെ സൂചകമായാണ് ഉപയോഗിക്കുന്നത്. ഇംഗ്ലീഷ് രാജ്യങ്ങളിൽ പണ്ട് കപ്പലിൽ കൊണ്ടുവരുന്ന സാധനങ്ങൾ പരിശോധിച്ച് oll korrect എന്ന് സീൽ ചെയ്തിരുന്നുവത്രേ. സാധാരണക്കാരുടെ പ്രയോഗത്തിലെ ഈ അക്ഷരത്തെറ്റിൽ നിന്നാകാം ഓകെ എന്ന ചുരുക്കരൂപത്തിന്റെ തുടക്കം എന്നു പറയപ്പെടുന്നു.

**ആരോഗ്യ ചിന്തകൾ** (തുടർച്ച)

യഥാർത്ഥത്തിൽ നമ്മൾ ഭക്ഷണം കഴിയ്ക്കുമ്പോഴും സംസാരിക്കുമ്പോഴും നാം അറിയാതെ വിഴുങ്ങി പോകുന്ന വായു ആണ് ഗ്യാസ്. അല്ലാതെ വയറിനകത്ത് ഉണ്ടാക്കപ്പെടുന്നതല്ല. അന്നനാളത്തിന്റേയും, ആമാശയത്തിന്റേയും കുടലുകളുടേയും നേരാവണ്ണം ഉള്ള ചലനം ഇങ്ങനെ അകപ്പെട്ട ഗ്യാസിനെ പുറത്തു കളഞ്ഞുകൊള്ളും. എന്നാൽ ഇവയുടെ 'പെരിസ്റ്റാൾസിസ്' ചലനത്തിന് നാരുകളുടെ സാന്നിദ്ധ്യം അത്യാവശ്യമാണ്. പോഷകാഹാരത്തെ കുറിച്ചു പറയുമ്പോൾ ചിലപ്പോഴുണ്ടാകുന്ന പ്രതികരണം പണത്തിന്റെ കുറവിനെ കുറിച്ചാണ്. രോഗം വന്ന് ചികിത്സിയ്ക്കുന്നതിന്റെ ചിലവ്, വില കുറഞ്ഞ പോഷകാഹാരം ലഭ്യമാക്കുന്നതിൽ വരുന്നില്ല എന്നതാണ് വാസ്തവം.

ബാലപംക്തി

# മനസ്സിന്റെ വലിപ്പം

ക്രിസ്റ്റിപോളി ആഴ്ചങ്ങാടൻ

കൂട്ടുകാർക്ക് അവധിക്കാലമായല്ലോ? കളിയും ചിരിയുമായി ആർത്തുല്ലസിക്കാനുള്ള ദിവസങ്ങൾ. വിനോദയാത്രകളും കളികളുമായി നടക്കുന്ന ഈ ദിനങ്ങൾ തീർത്ഥാടനയാത്രകൾക്കും ത്യാഗങ്ങൾക്കുമെല്ലാം പറ്റിയ അവസരം കൂടിയാണ്. ഈയിടെ കണ്ട ഒരു വീഡിയോ ക്ലിപിങ്ങ് ഇങ്ങനെയാണ്. ഓമനത്തമുള്ള ഒരു കൊച്ചുബാലൻ, അവന്റെ കയ്യിൽ 50 രൂപയുണ്ട്. ഈ രൂപയെടുത്ത് കണ്ണഞ്ചിപ്പിക്കുന്ന മിഠായികളും കൊതിയൂറുന്ന ഐസ്ക്രീമുകളും വാങ്ങാൻ അവൻ തെരുവുചന്തയിലേയ്ക്ക് ഓടി. പോകുന്നതിനിടയ്ക്കാണ് ഒരു സംഭവം അവന്റെ കണ്ണിൽ പെടുന്നത്. ഫുട്ബോൾ കളിക്കുകയായിരുന്ന കുട്ടികളിൽ നിന്ന് പന്ത് പറന്ന് ചെന്ന് ഒരു പാവം അമ്മൂമ്മയുടെ ചായക്കടയിലെ ഗ്ലാസ്സുകൾ തകർന്നു. പന്തെടുക്കാൻ ചെന്ന കുട്ടിയോട് ദേഷ്യം തോന്നിയെങ്കിലും അമ്മൂമ്മ സ്നേഹപൂർവ്വം ആ പന്ത് അവന് തിരിച്ച് നൽകി. ഗ്ലാസുകളില്ലാതെ എന്തുചെയ്യും എന്ന് ആശങ്കപ്പെട്ടുനിന്ന ആ വൃദ്ധയ്ക്ക് ഇതെല്ലാം കണ്ടുനിന്ന ആ കൊച്ചുബാലൻ തന്റെ കയ്യിലെ കാശുകൊണ്ട് പുതിയ ഗ്ലാസുകൾ വാങ്ങി നൽകി. അവൻ തന്റെ ആഗ്രഹം ത്യജിച്ചു പകരം ആ സമയത്ത് അവന് ചെയ്യാൻ പറ്റാവുന്ന ഒരു നല്ല പ്രവൃത്തി ചെയ്തു.

മറ്റൊരു സന്ദർഭത്തിൽ ഒരു പെൺകുട്ടിയുടെ അടുത്തേയ്ക്ക് ഒരു യാചകൻ കടന്നുവന്നു. "രണ്ടു ദിവസമായി വല്ലതും കഴിച്ചിട്ട്, എന്തെങ്കിലും തരുമോ?" അയാൾ നിറകണ്ണുകളോടെ ചോദിച്ചു. ബസ്സിറങ്ങി ഓട്ടോയിൽ പോകാൻ മാറ്റിവച്ചിരിക്കുന്ന 30 രൂപ അവൾ അയാൾക്കുനേരെ നീട്ടി. ആ യാചകന് ഒരു നേരത്തെ ഭക്ഷണം കഴിക്കാൻ എന്തെങ്കിലും നൽകാനായല്ലോയെന്ന് സന്തോഷിച്ച് അവൾ നടന്നകന്നു.

ആ കൊച്ചുബാലനും, പെൺകുട്ടിയും ആസന്ദർഭത്തിൽ ചെയ്യാൻ കഴിയാവുന്ന സൽപ്രവൃത്തി ചെയ്തു. വൃദ്ധയെയും യാചകനെയും അവർക്ക് ശ്രദ്ധിക്കാതിരിക്കാമായിരുന്നു. എന്നാൽ തങ്ങളുടെ കൊച്ചാഗ്രഹങ്ങൾ ത്യജിച്ച് മറ്റുള്ളവർക്ക് നന്മ ചെയ്യുന്നതിനുള്ള നല്ല മനോഭാവമാണ് അവർ പ്രകടിപ്പിച്ചത്. ചെയ്യാൻ കഴിയുന്ന സൽപ്രവൃത്തി ചെയ്യാതിരിക്കുന്നത് ഉപേക്ഷയാലുള്ള പാപമാണ്. നന്മ ചെയ്യാൻ ലഭിക്കുന്ന അവസരങ്ങൾ സന്തോഷപൂർവ്വം ചെയ്യാൻ ഈ അവധിക്കാലത്ത്, ഈ നോമ്പുകാലത്ത് നാം ഓരോരുത്തർക്കും കഴിയട്ടെ.

**വിജയിക്കണമെന്ന് തീർച്ചപ്പെടുത്തുകയാണ്**
**പരാജയപ്പെടാതിരിക്കാനുള്ള എളുപ്പവിദ്യ**
ഷെരീഡാൻ

# ക്വിസ് മത്സരം

(1) നോമ്പുകാലം ആരംഭിക്കുന്ന ഞായറാഴ്ചയെ വിളിക്കുന്ന പേര്?

(2) ക്രിസ്തു ________ ല്ലെങ്കിൽ നിങ്ങളുടെ വിശ്വാസം നിഷ്ഫലമാണ്?

(3) കിദ്ദൂഷിൻ എന്ന യഹൂദ പദത്തിന്റെ അർത്ഥമെന്ത്?

(4) മരുഭൂമിയിലെ പരീക്ഷണങ്ങളിൽ ഒന്നാമത്തെ പരീക്ഷണത്തെ എന്ത് വചനംകൊണ്ടാണ് യേശു നേരിട്ടത്?

(5) ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി?

(6) ഉപ്പ്, മാംസം കേടുകൂടാതെ സൂക്ഷിക്കുന്നതുപോലെ ഉപവാസം വഴി നാം പുണ്യത്തിൽ സംരക്ഷിക്കപ്പെടുന്നു. ഏത് വിശുദ്ധന്റെ വാക്കുകളാണിത്?

(7) വാലന്റൈൻ ദിനത്തോടനുബന്ധിച്ച് ദമ്പതികൾ ഓർത്തിരിക്കേണ്ട 3 വാക്കുകളെകുറിച്ച് മാർപാപ്പ പറയുകയുണ്ടായി. ഏതാണ് ആ വാക്കുകൾ?

(8) മാർ തോമാശ്ലീഹായുടെ പേരിലുള്ള രൂപതയുടെ ആസ്ഥാനം?

(9) ഇന്ത്യൻ വ്യോമസേനയുടെ പുതിയ മേധാവി?

(10) കൈകൾ അകത്തിയോ വിരലുകൾ അകറ്റിയോ പിടിയ്ക്കാതെ ഇടതുകൈ വലതുകരത്തിനു മീതെ വച്ച് ഒരു സിംഹാസനം തയ്യാറാക്കി രാജാവിനെയെന്ന പോലെ കുർബ്ബാന സ്വീകരണം നടത്തണം. ആരുടെ വാക്കുകളാണിവ?

(11) ശിരസുമൂടാതെ പ്രാർത്ഥിക്കുകയോ പ്രവചിക്കുകയോ ചെയ്യുന്ന ഏതൊരു സ്ത്രീയും തന്റെ ശിരസിനെ അപമാനിക്കുന്നു. പൗലോസ്ശ്ലീഹാ ഇങ്ങനെ പറയാൻ എന്താണ് കാരണം?

(12) ഞാൻ അധികം ഉപയോഗിച്ച ആയുധമാണത്. തേയ്മാനം കൊണ്ടാണ് അത് ഇത്രയും ചെറുതായിരിക്കുന്നത്. പിശാച് ഉദ്ദേശിച്ച ആയുധമേത്?

(13) ബോഡി ബിൽഡിംഗ് ഏതു ഗണത്തിൽപ്പെടുന്ന വ്യായാമമാണ്?

(14) ഇരിങ്ങാലക്കുട രൂപത 2014 ഏപ്രിൽ 17 മുതൽ 2015 പെസഹാവ്യാഴം വരെ ആചരിക്കുന്ന വർഷമേത്?

(15) 2007 - 2009 ൽ കേരളത്തിലെ മാതൃമരണനിരക്ക് എത്രയായിരുന്നു?

---

അവലംബം : മാർച്ച് ലക്കം ഹോളിവോയ്സ്, കേരളസഭ, വി. പൗലോസ് കൊറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനം : ഉത്തരങ്ങൾ വെള്ളകടലാസിലെഴുതി ഹോളിവോയ്സ് ബോക്സിൽ നിക്ഷേപിക്കേണ്ട അവസാന തിയ്യതി 15-04-2014.

---

**മാർച്ച് ലക്കം ക്വിസ് മത്സര വിജയി : ജിസ്ന എം.ജെ.**

മത്സരത്തിൽ പങ്കെടുത്ത 13 പേരിൽ 11 പേർ ശരിയുത്തരം എഴുതി. അവരിൽ നിന്നും നറുക്കെടുത്ത് ഫാ. ജോസ് മാളിയേക്കൽ വിജയിയെ പ്രഖ്യാപിച്ചു.

---

## കഴിഞ്ഞലക്കം ക്വിസ് ശരിയുത്തരങ്ങൾ

(1) ഫ്രാൻസിസ് പാപ്പ, (2) മെൽബൺ, (3) 6-ാമത്തെ, (4) കൂനൻ കുരിശു സത്യം, (5) സാറായെ, (6) സമൂഹത്തിന്റെ നവീകരണത്തിന് നവീകരിക്കപ്പെട്ട സഭ, (8) ദനഹ, (9) ജർമ്മനി, (10) കിന്തിലിയോൺ, (11) ഗാർസ്യാ, (12) Humus, (13) ഫാ. പീറ്റർ ഫാബർ, (14) വാഴ്ത്തപ്പെട്ട ചാവറയച്ചൻ

# കളർ കൊടുക്കൂ... സമ്മാനം നേടൂ!



പേര് ..................................................

വീട്ടുപേര് ..................................................

മതബോധന ക്ലാസ്സ് .................... യൂണിറ്റ് ....................

മതബോധനം LP - UP തലത്തിലെ വിദ്യാർത്ഥികൾക്കുള്ള മത്സരം. ഹോളി വോയ്സ് ബോക്സിൽ നിക്ഷേപിക്കേണ്ട അവസാന തീയതി **ഏപ്രിൽ 15**

# മതബോധനം

2013-14ലെ അധ്യയന വർഷ സമാപനത്തോടനുബന്ധിച്ച് നടത്തുന്ന ഗ്രേയ്സ് ഫെസ്റ്റ് ഏപ്രിൽ 7,8,9 തീയതികളിൽ നടത്തപ്പെടുന്നു. ഇതിൽ ഈ വർഷം 4 മുതൽ 12 ഉൾപ്പെടെയുള്ള ക്ലാസ്സുകളിൽ പഠിച്ച എല്ലാ കുട്ടികളും പങ്കെടുക്കണമെന്ന് അറിയിക്കുന്നു. സമയം രാവിലെ 9.30 മുതൽ വൈകീട്ട് 4 മണിവരെ. ഉച്ചഭക്ഷണം എല്ലാകുട്ടികളും കൊണ്ടുവരേണ്ടതാണ്. കുട്ടികൾക്കുള്ള വിശുദ്ധകുർബ്ബാന പ്രത്യേകം ഉണ്ടായിരിക്കുന്നതാണ്.

IV,VII ക്ലാസ്സുകാർക്ക് വേദോപദേശവും V,VI,VIII,IX ക്ലാസുകാർക്ക് "വചനം എന്റെ ജീവൻ" ടെക്സ്റ്റ് ബുക്കുകളിൽ നിന്നായിരിക്കും ചോദ്യങ്ങൾ ഉണ്ടാവുക. വിഷയം : IV,VII ക്ലാസ്സുകാർക്ക് അതാത് ക്ലാസ്സുകളിൽ നിന്ന് 50%, താഴ്ന്ന 2 ക്ലാസ്സുകളിൽ നിന്ന് 15% വീതവും (30%), നമസ്കാരങ്ങൾ, പാഠ്യേതര വിഷയങ്ങൾ 20% എന്ന ക്രമത്തിലായിരിക്കും ചോദ്യങ്ങൾ വരിക. V,VI,VIII,IX ക്ലാസ്സുകാർക്ക് അതാത് ക്ലാസ്സുകളിലെ "വചനം എന്റെ ജീവൻ" എന്ന പാഠ പുസ്തകത്തിൽ നിന്നായിരിക്കും ചോദ്യങ്ങൾ വരിക.

2013-14 അധ്യയന വർഷത്തിൽ സ്കോളർഷിപ്പ് പരീക്ഷയ്ക്ക് അർഹരായവരുടെ പേരുകൾ താഴെ കൊടുക്കുന്നു.

STD IV - തെരേസ ജോജി.കെ., സ്റ്റൽമേരി, ജോയൽ ജോൺസൺ
STD VII- ആൻഡ്രിയ കെ.എ., ഷാരോൺ ജോസഫ്, ആൻമേരി വർഗ്ഗീസ്,
STD V -ജലിറ്റ ജോയ്സൺ , തോമസ് സാബു, ജീസ്മോൾ ജോസഫ്,
STD VI- ഡെൽന തോമസ്, നിവ്യ ആൻഡ്രൂസ്, സാന്ദ്രമരിയ,
STD VIII- അന്ന ജോൺസൻ, ആൻ ജാക്വലിൻ, അഖില ജിമ്മി,
STD IX- അയറിൻ ആന്റണി, ഐശ്വര്യ എൻ.ജെ., നിർമ്മൽ ആൻഡ്രൂസ്,

**പരീക്ഷ സമയം 11-04-2014 രാവിലെ 10 മണി മുതൽ 1 മണിവരെ.**
**സ്ഥലം ലിറ്റിൽ ഫ്ളവർ ഹൈസ്ക്കൂൾ, ഇരിങ്ങാലക്കുട**
എല്ലാകുട്ടികൾക്കും വിജയാശംസകൾ നേർന്നുകൊണ്ട്
ഹെഡ്മാസ്റ്റർ, ലോനപ്പൻ തട്ടിൽമണ്ടി

## വിവാഹം

| ഇടവക | വീട്ടുപേര് | മാതാപിതാക്കൾ | വരനും വധുവും | തീയതി |
|---|---|---|---|---|
| പാലക്കാട് (മേലാർക്കോട്) | പതിയൻ | ദേവസി+എൽസി | ഡസ്ലിൻ | 22-02-2014 |
| മാപ്രാണം | കാച്ചപ്പിള്ളി | ജോസഫ്+കൊച്ചുത്രേസ്യ | ഹെൽസ | |

# പട്ടത്തിന്റെ ആഗ്രഹങ്ങളും സ്വാതന്ത്ര്യവും

**ടിങ്കിൾ ടൈറ്റസ് മതബോധനം VII B**

പട്ടം എന്താണെന്ന് നമുക്ക് എല്ലാവർക്കും അറിയാം. നമ്മുടെ നിയന്ത്രണമനുസരിച്ച് ചലിക്കുന്ന കളിപ്പാട്ടം. പക്ഷികളെയും തുമ്പികളെയും വിമാനത്തെയും പോലെ പാറിപ്പറക്കുവാൻ പട്ടത്തിന് വളരെ അധികം ആഗ്രഹമുണ്ട്. അങ്ങനെ ഉയരങ്ങളിലേയ്ക്ക് പോയി പച്ചപിടിച്ച മലകളെയും കാടുകളെയും കുന്നുകളെയും പുഴകളെയും വലിയ കെട്ടിടങ്ങളെയും കാണാൻ പട്ടത്തിന് ഏറെ ഇഷ്ടമാണ്.

ഒരു ദിവസം വീട്ടിലുണ്ടായ വർണ്ണക്കടലാസുകളും ഈർക്കിലുകളും അരങ്ങുകളും ഉപയോഗിച്ച് ഒരു മനോഹരമായ പട്ടം മീനാക്ഷി ഉണ്ടാക്കി. കൂടിനുള്ളിൽ അടച്ചിട്ട പക്ഷിയെ തുറന്ന് വിടുമ്പോഴുള്ള സന്തോഷം പട്ടത്തിനും ഉണ്ടായി. ഞാൻ ആകാശത്തോട്ട് പാറിപറക്കുകയുണ്ടായിരുന്നു. എന്നെക്കാൾ തൊട്ടുമുകളിൽ നല്ല ഭംഗിയുള്ള വർണ്ണമയമായ പക്ഷികൾ പറക്കുന്നുണ്ടായിരുന്നു. എനിക്ക് അവരോടൊപ്പം പറക്കുവാൻ കൊതിയായി. ഞാൻ ഉയർന്നു പറക്കുമ്പോൾ മീനാക്ഷി എന്നെ വലിച്ചു. അപ്പോഴാണ് ഒരു കൂട്ടം തുമ്പികൾ പറക്കുന്നത് ഞാൻ കണ്ടത്. എന്നാൽ ആ മീനാക്ഷി എന്നെ അവിടേയ്ക്ക് പോകാനും അനുവദിച്ചില്ല. എനിക്ക് വളരെ വിഷമമുണ്ടായി. അവളുടെ നിയന്ത്രണം എനിക്ക് അസ്വസ്ഥതയുണ്ടാക്കി. എങ്ങിനെയെങ്കിലും ഒരു കാറ്റ് വീശി അവളുടെ കയ്യിൽ നിന്നും മോചിതയാകണമെന്നായിരുന്നു എന്റെ ചിന്ത. പെട്ടെന്ന് ഒരു വലിയ കാറ്റ് വീശി. അവൾക്കെന്നെ നിയന്ത്രിക്കാനായില്ല. ഞാനവളുടെ കയ്യിൽ നിന്ന് മോചിതയായി, കാറ്റിനൊപ്പം ഒരുപാട് ഉയരങ്ങളിലേയ്ക്ക് പക്ഷികളുടെയും തുമ്പികളുടെയും കൂടെ പാറിപ്പറന്നു. എന്നാൽ ആ സമയം ഒരു കാറ്റ് കിഴക്കോട്ട് വീശി. അവിടെ ഒരു വലിയ മരമുണ്ടായിരുന്നു. ഞാൻ ആ മരത്തിന്റെ ചില്ലയിൽ കുടുങ്ങി എന്റെ ദേഹം മുഴുവൻ മുറിഞ്ഞു.

**ഗുണപാഠം :- "സ്വാതന്ത്ര്യം ആവശ്യമാണ്. എന്നാൽ അത് അധികമായാൽ നമ്മുടെ തന്നെ നാശത്തിന് കാരണമായിത്തീരും"**

---

## മാമ്മോദീസ

| ഇടവക | വീട്ടുപേര് | മാതാപിതാക്കൾ | ശിശുവിന്റെ പേര് | ജനനം | മാമ്മോദീസ |
|---|---|---|---|---|---|
| പൊറത്തിശ്ശേരി | കാട്ടിലപ്പീടിക | ലിജു+ നിമിഷ | ലിയോ (ഡെയ്സി) | 06 - 12 - 2013 | 23 - 02 - 2014 |
| മാപ്രാണം | അരണാട്ടു കരക്കാരൻ | ജോഷി+ സിബി | എവിൻ (ഇമ്മാനുവേൽ) | 09 - 12 - 2013 | 02 - 03 - 2014 |
| പാദുവാനഗർ | കണ്ണമ്പുഴ | മേജോ+ ജിൻസി | അലോൺസോ (ജോസ്) | 25 - 12 - 2013 | 2 - 03 - 2014 |
| പുല്ലൂർ | ചെറേങ്ങാടൻ | റാഫേൽ+ ഷിജി | ജോസഫ് (ഋഷി) | 18 - 10 - 2013 | 19 - 01 - 2014 |





ഡോ.വിനോദ് മാത്യു
സൈക്കോളജിസ്റ്റ്&
കൗൺസിലർ

# കുഞ്ഞുങ്ങളിൽ ആത്മവിശ്വാസം വളർത്താൻ...

ആത്മവിശ്വാസമുള്ള കുഞ്ഞുങ്ങൾക്കേ വളർച്ചയുടെ പടവുകളിൽ പുതിയ കാര്യങ്ങൾ തിരയാനും, കണ്ടെത്താനും, പരീക്ഷിക്കാനും ധൈര്യമാകൂ. പുതിയ സൗഹൃദങ്ങൾ സൃഷ്ടിക്കാനും വിഷമഘട്ടങ്ങളിൽ തളരാതെ മുന്നേറാനും അതവരെ പ്രാപ്തരാക്കും. ഇതിനായി സ്നേഹമുള്ള മാതാവ്/പിതാവ് എന്ന നിലയിൽ ഓരോ രക്ഷകർത്താവിനും ചെയ്യാനാവുന്ന ഏറെ കാര്യങ്ങളുണ്ട്.

1. പുതിയ സാഹചര്യങ്ങളിൽ പെരുമാറാനും ഇടപഴകാനും കുഞ്ഞുങ്ങൾക്ക് അവസരമൊരുക്കുക. അവരുടെ പ്രതിസന്ധികളിൽ ഒപ്പം നിൽക്കുക.

2. കുഞ്ഞുങ്ങളെ നിങ്ങൾ എത്രമാത്രം സ്നേഹിക്കുന്നുവെന്ന് അവരോട് തുറന്നുപറയുക. സ്നേഹമസൃണമായ ഒരു പുഞ്ചിരി, ഇടയ്ക്ക് ഒരാലിംഗനം, ഒരു തലോടൽ, ഒരു ചുംബനം ഇതൊക്കെ കുഞ്ഞിന്റെ ഇളം മനസ്സിൽ സ്നേഹത്തിന്റെ നീരുറവ പുറപ്പെടുവിക്കും.

3. കുഞ്ഞുങ്ങൾക്ക് ആവശ്യമായ അളവിൽ സ്വാതന്ത്ര്യം നൽകുക. അവരുടെ പ്രശ്നങ്ങളെല്ലാം പരിഹരിച്ചുനൽകാൻ നിങ്ങൾ ശ്രമിക്കാതിരിക്കുക. പകരം പ്രശ്നങ്ങളെ അപഗ്രഥിച്ച്, പ്രതിവിധികൾ കണ്ടെത്താൻ അവർക്ക് അവസരം നൽകുക. അങ്ങനെ ഭാവിയിൽ നേരിടേണ്ടിവരാവുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനുള്ള ആത്മവിശ്വാസം കുഞ്ഞുങ്ങളിൽ വളർത്തിയെടുക്കാം.

4. താരതമ്യങ്ങൾ ഒഴിവാക്കുക. ഓരോ കുഞ്ഞും ഓരോ തരത്തിൽ മറ്റു കുഞ്ഞുങ്ങളിൽ നിന്നു വ്യത്യസ്തനാണ്. മാനസികവും ശാരീരികവുമായ കഴിവുകളിൽ അവർ തമ്മിൽ ഏറ്റക്കുറച്ചിലുകളുണ്ടാകാം. അതിനാൽ മറ്റൊരു കുഞ്ഞുമായി താരതമ്യപ്പെടുത്തി സ്വന്തം കുഞ്ഞിനെ താഴ്ത്തിക്കെട്ടാതിരിക്കുക. പ്രത്യേകിച്ച് മറ്റുള്ളവരുടെ മുമ്പിൽ. 'ഞാൻ മറ്റുള്ളവരേക്കാൾ മോശമാണ്' എന്ന ചിന്ത അവന്റെ കുഞ്ഞു മനസ്സിനെ ആഴത്തിൽ മുറിവേൽപ്പിക്കും. സമൂഹത്തിൽ സ്വതന്ത്രമായി ഇടപെഴകാനുള്ള അവന്റെ ജന്മ

സഹജമായ വാസനയെ, ആത്മവിശ്വാസത്തെ അതു ചോർത്തിക്കളയും.

**കുഞ്ഞുമക്കളോട് സംസാരിക്കുമ്പോൾ**

കുഞ്ഞുങ്ങളോടൊപ്പമിരുന്ന അവരോട് സംസാരിക്കാൻ എത്ര സമയം ചെലവഴിക്കുന്നുണ്ടെന്ന് സ്വയം ഒന്നു ചിന്തിച്ചുനോക്കുക. പല രക്ഷകർത്താക്കൾക്കും സമയക്കുറവോ താൽപര്യക്കുറവോ കൊണ്ട് കുഞ്ഞുങ്ങളോട് സംവദിക്കാൻ കഴിയാറില്ല. അവരോടൊന്നു സംസാരിച്ചു നോക്കുക. വളർച്ചയുടെ ഏതോ പടവിൽ നിങ്ങൾക്ക് കൈമോശം വന്നുപോയ ഒരു ലോകത്തിലേയ്ക്ക് അവർ നിങ്ങളെ കൂട്ടിക്കൊണ്ടുപോകും. കുഞ്ഞുങ്ങളോട് സംസാരിക്കുമ്പോൾ ചില കാര്യങ്ങൾ ശ്രദ്ധിക്കുക.

1. **പോസിറ്റീവായ വാക്കുകൾ മാത്രം ഉപയോഗിക്കാൻ ശ്രമിക്കുക.** 'എന്തു ചെയ്യരുത്' എന്നതിനേക്കാൾ 'എന്തൊക്കെ ചെയ്യണമെന്നും' 'എന്തൊക്കെ ചെയ്യാമെന്നും' പറഞ്ഞുകൊടുക്കുക. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

നിന്റെ യൂണിഫോം വൃത്തികേടാക്കരുത്. (തെറ്റ്)
മോന്റെ/മോളുടെ യൂണിഫോം വൃത്തിയായി സൂക്ഷിക്കണം. (ശരി)
പഠിക്കാതെ കളിച്ചുനടന്നാൽ നീ പരീക്ഷയ്ക്ക് തോറ്റു തൊപ്പിയിടും. (തെറ്റ്)
പഠിച്ചു കഴിഞ്ഞ് കളിക്കാൻ പോയാൽ നിനക്ക് പരീക്ഷയ്ക്ക് നല്ല മാർക്കു വാങ്ങാം. (ശരി)
മറ്റുള്ളവരോട് തറുതലപറഞ്ഞ് ചീത്തപ്പേര് വരുത്തി വയ്ക്കരുത്. (തെറ്റ്)
എല്ലാവരോടും നല്ല രീതിയിൽ പെരുമാറിയാലേ മോനെ/മോളെ എല്ലാവർക്കും ഇഷ്ടമാകൂ. (ശരി)

ഒരിക്കലും ശാപവാക്കുകൾ കുഞ്ഞുങ്ങളോട് പറയാതിരിക്കുക. 'കുടുംബം മുടിക്കാനുണ്ടായ സന്തതി', 'നിന്റെ തല കണ്ടപ്പോഴേ കുടുംബം മുടിഞ്ഞു', 'നശീകരണ വിത്ത്', 'പിഴച്ച സന്തതി' തുടങ്ങിയ പ്രയോഗങ്ങൾ അടക്കാനാവാത്ത ദേഷ്യം വരുമ്പോൾ പ്രയോഗിക്കുന്ന മാതാപിതാക്കളുണ്ട്. കുഞ്ഞുമനസ്സിനെ നൊമ്പരപ്പെടുത്തുന്ന ഇത്തരം പ്രയോഗങ്ങൾ ഒരിക്കലും സംസാരത്തിൽ കടന്നുവരാതെ സൂക്ഷിക്കുക.

2. **ശ്രദ്ധയോടെ കേൾക്കുക.** നിങ്ങളോടു തുറന്നുസംസാരിക്കാൻ കുഞ്ഞുങ്ങളെ പ്രേരിപ്പിക്കുക. അവരോടൊപ്പമിരിക്കുക. കണ്ണുകളിൽ നോക്കി, ഹൃദയം കൊണ്ട് കേൾക്കുക. അവരുടെ വികാരവിചാരങ്ങൾ പ്രകടിപ്പിക്കാൻ പറ്റിയ വാക്കുകൾ പറഞ്ഞുകൊടുക്കുക. 'അരുത്' 'വേണ്ട' 'ചെയ്യരുത്' എന്നിങ്ങനെ വിലക്കുമ്പോൾ എന്തുകൊണ്ട് അരുത്, വേണ്ട, ചെയ്യാൻ പാടില്ല എന്നുകൂടി വിശദീകരിച്ച് കൊടുക്കുക. വളരുന്നതനുസരിച്ച് കുടുംബകാര്യങ്ങളിൽ ഇടപെടാനും അഭിപ്രായം പ്രകടിപ്പിക്കാനും തീരുമാനങ്ങളെടുക്കാനും അവസരം നൽകുക.

എത്ര കടുത്ത തെറ്റുചെയ്താലും ആ തെറ്റിനെ മാത്രം വെറുക്കുക, കുഞ്ഞുങ്ങളെ ഒരിക്കലും വെറുക്കാതിരിക്കുക.

(കടപ്പാട് ഏകരക്ഷകൻ മാസിക)

# ഒരു നല്ലപാഠം

മേരി ജോർജ്ജ് പള്ളിത്തറ

കുട്ടിക്കാലത്ത് കേട്ടിട്ടുള്ള, ചിലരെങ്കിലും പഠിച്ചിട്ടുള്ള ഈ വരികൾ നമുക്കൊക്കെ ഓർമ്മകാണും. ഇന്നത്തെ നമ്മുടെ ചിന്ത വാക്കിനെ അഥവാ സംസാരത്തെകുറിച്ചാകട്ടെ. യുക്തിഭദ്രമായി, വിവേകത്തോടെ സംസാരിക്കുന്നവരെ ബഹുമാനിക്കാത്ത ആരും ഉണ്ടാകില്ല." വിവേകിയുടെ നാവ് അറിവ് വിതറുന്നു. വിഡ്ഢിയുടെ അധരങ്ങൾ ഭോഷത്തം വർഷിക്കുന്നു" (സുഭാ 15:2) വാക്കുമൂലം ഉണ്ടാകുന്ന ഭവിഷ്യത്തുകളെപറ്റി നമുക്കൊക്കെ അറിയാം. നമ്മുടെ ചുറ്റുവട്ടത്തെയ്ക്കൊന്നു കണ്ണോടിച്ചാൽ കാണാം, വാക്ക്/ നാക്ക് കൊണ്ട് മുറിവേറ്റ പലരേയും. അതിൽ ഭാര്യ ഭർത്താക്കന്മാരും സഹോദരങ്ങളും സഹപാഠികളും അയൽക്കാരും രാഷ്ട്രീയക്കാരും എന്തിന് നമ്മുടെ കുഞ്ഞുമക്കളുമൊക്കെ കാണും. എന്നോ പറഞ്ഞുപോയ പാഴ്വാക്കുകളുടെ പേരിൽ വർഷങ്ങളോളം മിണ്ടാതെ നടക്കുന്നവരെയും നാം കണ്ടിട്ടുണ്ട്. അതുകൊണ്ട് വിവേക പൂർണ്ണമായ സംസാരം ശീലിക്കുക. നമ്മുടെ മക്കളെയും ശീലിപ്പിക്കുക.

ഏഷണിയും പരദൂഷണവും കുടുംബങ്ങളിൽ നിന്ന് ഒഴിവാക്കാൻ മുതിർന്നവർ പ്രത്യേകം ശ്രദ്ധിക്കണം. അയൽക്കാരുടെയും ബന്ധുമിത്രാദികളുടെയും കുറ്റങ്ങളും കുറവുകളും പറഞ്ഞുപരത്തുകയും കുടുംബസദസ്സുകളിൽ അതേകുറിച്ച് ചർച്ച ചെയ്ത് പരിഹസിക്കുകയും ചെയ്യുന്നവർ ഒന്നോർക്കുക. നാളെ എനിക്കോ എന്റെ കുടുംബത്തിനോ ഈ ഗതിവന്നാൽ? വേദപുസ്തകത്തിൽ ഏറെ ശ്രദ്ധിക്കാൻ പറയുന്ന കാര്യവും മറ്റൊന്നല്ല. സംസാരത്തെ കുറിച്ചുള്ള ഏതാനും ബൈബിൾ വചസ്സുകൾ ശ്രദ്ധിക്കു. (1) "വാക്കിൽ പിഴയ്ക്കാത്തവൻ അനുഗ്രഹീതൻ, അവന് പാപത്തെ പ്രതി ദുഃഖിക്കേണ്ടിവരികയില്ല" (പ്രഭാ 14:1) (2)"മാനവും അപമാനവും വാക്കിലൂടെ വരുന്നു. വീഴ്ച്ചയ്ക്കു വഴിതെളിക്കുന്നതും നാവുതന്നെ."(പ്രഭാ 5:13), (3)"ഏഷണിക്കാരനെന്ന് പേര് കേൾപ്പിക്കരുത്, നാവുകൊണ്ട് കെണിവയ്ക്കുകയും അരുത്"(പ്രഭാ 5:14)

പ്രിയരെ, നമ്മുടെ കുടുംബാന്തരീക്ഷം മറ്റുള്ളവരുടെ പോരായ്മകളെ കണ്ടെത്തി പരിഹസിക്കാൻ വിനിയോഗിച്ചാൽ നമ്മുടെ കുഞ്ഞുമക്കൾ അതൊക്കെ ശീലിച്ച് മലിനമായ മനസ്സോടെ വളരും. പിന്നീട് അവരെ തിരുത്താൻ സാധിക്കുമോ? യാക്കോബ് ശ്ലീഹ പറയുന്നതുപോലെ "സംസാരത്തിൽ തെറ്റുവരുത്താത്ത ഏവനും പൂർണ്ണനാണ്. തന്റെ ശരീരത്തെ മുഴുവനും നിയന്ത്രിക്കാൻ അവന് കഴിയും."(യാക്കോബ് 3-12) വാക്കിനെ കുറിച്ചുള്ള മനോഹരമായ ഒരു ബൈബിൾ ഉദ്ധരണിയോടെ അവസാനിപ്പിക്കാം. "ഉചിതമായ വാക്ക് വെള്ളിത്തകിടിൽ പതിച്ചുവച്ച സ്വർണ്ണനിർമ്മിതമായ ആപ്പിൾ പഴം പോലെയാണ്" (സുഭാ-25-11)

# പിന്നിട്ട ലോകം

ജെസ്റ്റോ മാമ്പിള്ളി

- രാജ്യസഭാ ഉപാധ്യക്ഷൻ പി.ജെ. കുര്യനു ക്യാബിനറ്റ് പദവി.
- ഫെഡറേഷൻ കപ്പ് വനിത വോളിബോൾ കിരീടം റെയിൽവേ ടീമിന്.
- ധീരതയ്ക്കുള്ള യു.എസ്. വിദേശകാര്യവകുപ്പിന്റെ രാജ്യാന്തര വനിതാ അവാർഡ് ഇന്ത്യക്കാരി ലക്ഷ്മി ഏറ്റുവാങ്ങി. ആസിഡ് ആക്രമണത്തെ അതിജീവിച്ച് മുന്നേറിയതിനാണ് ഈ പുരസ്കാരം.
- സമസ്തകേരള സാഹിത്യ പരിഷത്ത് പ്രസിഡന്റായി ഡോ. എം. ലീലാവതിയും ജന. സെക്രട്ടറിയായി എം.വി. ബെന്നിയും തിരഞ്ഞെടുക്കപ്പെട്ടു.
- ബാർ കൗൺസിൽ ഓഫ് ഇന്ത്യ എക്സിക്യൂട്ടിവ് ചെയർമാനായി ടി. എസ്. അജിത്തിനെ തിരഞ്ഞെടുത്തു.
- ഇന്ത്യയുടെ വിരാട് കോഹ്‌ലി ഏകദിന ബാറ്റിങ്ങ് റാങ്കിങ്ങിൽ വീണ്ടും ഒന്നാമത്. ഏഷ്യാകപ്പിൽ ബംഗ്ലാദേശിനെതിരെ സെഞ്ചുറി അടക്കം മൂന്നു മത്സരങ്ങളിൽ നിന്നും കോഹ്‌ലി 189 റൺസ് നേടി.
- ഇന്ത്യക്കാരനായ പങ്കജ് മിശ്രയ്ക്ക് 90 ലക്ഷം രൂപയുടെ വിൻദാം കാംപ്ബെൽ സാഹിത്യ പുരസ്കാരം
- പാക്കിസ്ഥാനെ 5 വിക്കറ്റിനു തോൽപ്പിച്ച ശ്രീലങ്ക ഏഷ്യാകപ്പ് നേടി.
- ആർട്ടിസ്റ്റ് കേശവൻ സ്മാരക പുരസ്കാരം സംഗീത സംവിധായകൻ എം.കെ. അർജുനന്.
- ഓസ്കാർ പുരസ്കാരം - മാത്യു മക്കണോഹേ - മികച്ച നടൻ, കെയ്റ്റ് ബ്ലാഞ്ചറ്റ് - മികച്ച നടി, 12 ഇയേഴ്സ് എ സ്ലേവ് - മികച്ച ചിത്രം
- വിജിലൻസ് ഡയറക്ടർ മഹേഷ് കുമാർ സിംഗ്ലയ്ക്കു ബി.എസ്.എഫ്. അഡീഷണൽ ഡയറക്ടർ ജനറലായി നിയമനം ലഭിച്ചു.
- ഇൻഡോ - അറബ് കോൺഫെഡറേഷൻ കൗൺസിലിന്റെ ഗ്ലോബൽ എക്സലൻസ് അവാർഡ്, ഹൃദ്രോഗ വിദഗ്ധനും കേരള ഹാർട്ട് കെയർ സൊസൈറ്റി പ്രസിഡന്റുമായ ഡോ. കെ. കുഞ്ഞാലിക്ക്.
- കേന്ദ്ര ശാസ്ത്ര ഗവേഷണ സ്ഥാപനമായ അത്താണിയിലെ സീമെറ്റ് സ്തനാർബുദം നേരത്തെ കണ്ടെത്തുന്നതിനുള്ള സെൻസർ വികസിപ്പിച്ചെടുത്തു.
- ഡൽഹി മുൻ മുഖ്യമന്ത്രി ഷീലാദീക്ഷിത് കേരളത്തിന്റെ പുതിയ ഗവർണർ.
- പ്രതിസന്ധികളെ നേരിട്ടു മുന്നേറുന്ന കുട്ടികൾക്കായി സാമൂഹിക സന്നദ്ധ സംഘടനയായ പിങ്കും ബ്ലോസ്സം ഗ്രൂപ്പും ചേർന്ന് ഏർപ്പെടുത്തിയ ഐക്കൺ അവാർഡ് ചലച്ചിത്ര നടി സ്വർണ്ണ തോമസിന്.

# ജാലകത്തിലൂടെ...

ജെസ്റ്റിൻ ജോസ് എം.

മോട്ടോർ വാഹനങ്ങൾ ഓടിക്കുന്നതിനുള്ള ലൈസൻസ് ഉണ്ടായതുകൊണ്ടുമാത്രം ട്രാൻസ്പോർട്ട് വാഹനങ്ങൾ ഓടിയ്ക്കുന്നതിനുള്ള അനുവാദമില്ല. ആയതിന് പ്രത്യേകം അധികാരപ്പെടുത്തലും ബാഡ്ജും ലഭ്യമാകേണ്ടതുണ്ട്. നിലവിലുള്ള ലൈസൻസിൽ ബാഡ്ജ് ലൈസൻസ് കൂട്ടിചേർക്കുന്നതിനുള്ള നടപടിക്രമങ്ങളാണ് ഈ ലക്കത്തിൽ പ്രതിപാദിക്കുന്നത്. പ്രസ്തുത ലൈസൻസിന്, 20 വയസ്സ് പൂർത്തീകരിച്ചിരിയ്ക്കേണ്ടതുണ്ട്. ലൈറ്റ് മോട്ടോർ വെഹിക്കിൾ ലൈസൻസ് എടുത്ത് 1 വർഷം കഴിഞ്ഞവർക്കാണ് അപേക്ഷിയ്ക്കാവുന്നത്. എന്നാൽ ഓട്ടോറിക്ഷ ഓടിക്കുന്നതിനുള്ള ലൈസൻസ് ബാഡ്ജിന് ഒരു വർഷം കഴിയണമെന്നില്ല. ലൈസൻസിംഗ് അധികാരിയുടെ മുമ്പാകെ താഴെ പറയുന്ന രേഖകളുമായി ഇന്റർവ്യൂവിന് ഹാജരാകേണ്ടതുണ്ട്. ട്രാൻസ്പോർട്ട് വാഹനം ഓടിയ്ക്കുന്ന ഡ്രൈവറുടെ ചുമതലകളേയും കടമകളേയും കുറിച്ചുള്ള അറിവാണ് ഇന്റർവ്യൂവിൽ പ്രധാനമായും പരിശോധിയ്ക്കപ്പെടുന്നത്.

1. ഫാറം എൽ.ടി.എയിലുള്ള അപേക്ഷ
2. സ്വഭാവസർട്ടിഫിക്കേറ്റ് (എം.പി., എം.എൽ.എ പഞ്ചായത്ത് പ്രസിഡന്റ്, മുനിസിപ്പൽ ചെയർമാൻ, മേയർ ഇവരിൽ ആരിൽ നിന്നെങ്കിലുമുള്ളത്)
3. ഫാറം 1 എയിലുള്ള മെഡിക്കൽ സർട്ടിഫിക്കേറ്റ്
4. ഫാറം എഫ്.എ യിൽ പ്രഥമശുശ്രൂഷയിൽ പ്രാവീണ്യമുണ്ടെന്ന് സിവിൽ സർജനിൽ കുറയാത്ത മെഡിക്കൽ ആഫീസറിൽ നിന്നും പരിശീലനത്തിനുശേഷം ലഭിച്ച സർട്ടിഫിക്കറ്റ്
5. അപേക്ഷകന്റെ സാക്ഷ്യപ്പെടുത്തിയ രണ്ട് ഫോട്ടോകൾ
6. അംഗീകൃത കണ്ണ് പരിശോധന വിദഗ്ധനിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റ്.
7. നിശ്ചിത ഫീസും സർവ്വീസ് ചാർജും അടച്ചതിന്റെ രശീതി
8. നിലവിലുള്ള ലൈസൻസ്

പരീക്ഷയിൽ വിജയിക്കുന്നവർക്ക് രസീത് നൽകുകയും ലൈസൻസും ബാഡ്ജും തപാൽ മാർഗം അപേക്ഷകന് അയച്ച് കൊടുക്കുന്നതുമാണ്. ആയതിന് ആവശ്യമായ സ്റ്റാമ്പ് പതിപ്പിച്ച്, അപേക്ഷയിലെ അതേ അഡ്രസ്സ് എഴുതിയ കവർ അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.

# ബൈബിൾ കലണ്ടർ : ഏപ്രിൽ - 2014

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | **1**<br>ലൂക്കാ 10:33 - 37<br>2 കോറി 9:10 - 15 | **2**<br>യോഹ 8:1 - 11<br>യൂദാ 8 - 13 | **3**<br>ലൂക്കാ 18:31 - 34<br>1 തിമോ 4:6 - 10 | **4**<br>യോഹ 8:49 - 59<br>റോമ 13:8 - 14 | **5**<br>മർക്കോ 10:1 - 12<br>1 കോറി 13:1 - 13 |
| **6**<br>യോഹ 10:11 - 18<br>റോമാ 14:13 - 23<br>ഉത്പ 19:15 - 26 | **7**<br>യോഹ 12:44 - 50<br>1 തെസ 3:6 - 13 | **8**<br>ലൂക്കാ 13:31 - 35<br>2 പത്രോ 2:4 - 10 | **9**<br>മത്താ 18:15 - 20<br>1 യോഹ 2:7 - 11 | **10**<br>ലൂക്കാ 3:8 - 11<br>2 പത്രോ 2:11 - 17 | **11**<br>യോഹ 11:38 - 45<br>റോമാ 15:7 - 13 | **12**<br>യോഹ 12:1 - 8<br>ശ്ലീഹ 20:22 - 38 |
| **13**<br>മത്താ 21:1 - 17<br>റോമാ 11:13 - 24<br>ഉത്പ 49:8 - 12 | **14**<br>യോഹ 11:47 - 57<br>ഹെബ്രാ 1:5 - 14 | **15**<br>യോഹ 12:20 - 26<br>ഹെബ്രാ 5:1 - 10 | **16**<br>യോഹ 12:27 - 33<br>ഹെബ്രാ 9:15 - 28 | **17**<br>യോഹ 13:1 - 14+<br>മത്താ 26:26 - 30<br>1 കോറി 11:23 - 29 | **18**<br>ലൂക്കാ 22:63 -<br>റോമാ 5:6 - 16 | **19**<br>മത്താ 28:1 - 20<br>റോമ 6:3 - 11 |
| **20**<br>മത്താ 28:1 - 6<br>റോമാ 6:1 - 14<br>ഏശയ്യ 60:1 - 7 | **21**<br>യോഹ 14:18 - 28<br>റോമാ 4:1 - 8 | **22**<br>ലൂക്കാ 24:13 - 27<br>1 കോറി 15:12 - 19 | **23**<br>യോഹ 15:1 - 10<br>എഫേ 4:1 - 6 | **24**<br>മത്താ10:37 - 42<br>2 കോറി 12:1 - 10 | **25**<br>മത്താ 10:26 - 33<br>ഹെബ്രാ 11:3 - 10 | **26**<br>മർക്കോ 16:1 - 8<br>കൊളോ 3:1 - 4 |
| **27**<br>യോഹ 20:19 - 29<br>കൊളോ 1:12 - 20<br>ഏശയ്യ 55:4 - 13 | **28**<br>ലൂക്കാ 24:28 - 35<br>1 കോറി 1:10 - 17 | **29**<br>യോഹ 5:41 - 47<br>ശ്ലീഹ 9:20 - 25 | **30**<br>മർക്കോ 7:31 - 37<br>ഗലാ 5:1 - 6 | | | |